ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 03
2026 ഏപ്രിൽ


# പഞ്ചും പാവയും

ഒറ്റപ്പെടലിന്റെ കയ്പുനീർ കുടിച്ചു കഴിയേണ്ടിവന്ന പഞ്ച് എന്ന കുട്ടിക്കുരങ്ങ് ഇന്ന് സോഷ്യൽമീഡിയയിൽ വൈറലാണ്. 2025ൽ ജപ്പാനിലെ ഇച്ചിക്കാവ സിറ്റി മൃഗശാലയിലാണ് പഞ്ചിന്റെ ജനനം. പ്രസവിച്ച ഉടനെ അമ്മ കുഞ്ഞുപഞ്ചിനെ ഉപേക്ഷിച്ചുപോയി. അടുക്കാൻ ശ്രമിച്ചപ്പോഴെല്ലാം അവനെ തള്ളിയകറ്റി. മൃഗശാലയിലെ പരിചാരകരാണ് ബോട്ടിലിൽ പാൽ നിറച്ചുകൊടുത്തും ബ്ലാങ്കറ്റ് കൊണ്ട് പുതപ്പിച്ചുകൊടുത്തും അവനെ നോക്കി വളർത്തിയത്. മറ്റു കുരങ്ങൻമാരൊന്നും അവനോട് കൂട്ടുകൂടാൻ തയ്യാറായില്ല.

മൃഗശാലയിലെ പരിചാരകർ അവനെ ഒറ്റപ്പെടലിൽനിന്ന് രക്ഷിക്കാൻ ഒരു വഴി കണ്ടെത്തി. ഒറാംഗുട്ടാന്റെ മാതൃകയിലുള്ള മനോഹരമായ ഒരു പാവ അവനു വാങ്ങിനൽകി. ആദ്യമൊന്നും തിരിഞ്ഞുനോക്കിയില്ലെങ്കിലും പതുക്കെപ്പതുക്കെ പഞ്ച് അതിനോടടുത്തു. പിന്നെ, മുഴുസമയം പാവയ്ക്കൊപ്പമായി. ഉറക്കം പോലും പാവയെ കെട്ടിപ്പിടിച്ചായി. അങ്ങനെ പഞ്ച് ശൈശവത്തിലെ ഒറ്റപ്പെടലിൽ നിന്നു മോചിതനായി. ഈയിടെ മറ്റു കുരങ്ങുകൾ പഞ്ചിനെ പരിഗണിച്ചുതുടങ്ങിയിട്ടുണ്ടെന്നാണ് മൃഗശാല അധികൃതർ നൽകുന്ന സന്തോഷവാർത്ത.



# നാക്കിന്റെ മൂർച്ച




**നാ**ക്കുകൊണ്ട് മരം മുറിക്കാമോ? മനുഷ്യരുടെ നാവ് അത്രയും മൂർച്ചയുള്ളതാണെന്നാണ് ഈ കഥ സൂചിപ്പിക്കുന്നത്. പസഫിക് ദ്വീപിലെ ആദിവാസികൾ മഴുകൊണ്ട് മുറിച്ചുവീഴ്ത്താൻ കഴിയാത്ത മരങ്ങളെ വീഴ്ത്തിയിരുന്നത് നാവുകൊണ്ടായിരുന്നത്രെ! അതെങ്ങനെയാണെന്നോ?

ഒരു മരത്തെ വീഴ്ത്താനുദ്ദേശിച്ചാൽ കുറെ പേർ അതിനുചുറ്റും എന്തോ പ്രാർത്ഥനയുമായി ചുറ്റി നടക്കും. പിന്നെ ആർത്തു കരയും. വായിൽ വന്ന തെറിവാക്കുകളൊക്കെ വിളിച്ചു പറയും. ഇങ്ങനെ മുപ്പതു ദിവസം തെറിയും ആക്ഷേപവും പരിഹാസവും അലമുറയിടലും തുടരും.



ഇതുകേട്ടു നിൽക്കാൻ മരത്തിനു പോലും കഴിയില്ലത്രെ! ക്രമേണ മരത്തിന്റെ ഇലകൾ വാടി കൊഴിഞ്ഞുതീരും. കൊമ്പുകൾ ഉണങ്ങും. നിശ്ചിത ദിവസമാകുമ്പോഴേക്കും മരം മറിഞ്ഞുവീഴും. മനുഷ്യരുടെ അലർച്ചയും നിലവിളിയും തെറികളും മരത്തിന്റെ ജീവൻ നശിപ്പിക്കുമെന്നാണ് ഈ കഥ സൂചിപ്പിക്കുന്നത്.



ഏതെങ്കിലും മരത്തെ നിരന്തരം കുറ്റപ്പെടുത്തുകയും ദുഷിച്ചു പറയുകയും ചെയ്താൽ ആ മരം ഉണങ്ങിപ്പോകുമെന്നുള്ള അനുഭവം പലരും പറഞ്ഞിട്ടുണ്ട്.

നമ്മുടെ നാവിന്റെ മൂർച്ച അപാരം തന്നെ, അല്ലേ? ഈ നാവുകൊണ്ട് നാം കൂട്ടുകാരോടും മാതാപിതാക്കളോടും മറ്റും ആക്രോശിക്കുമ്പോൾ അതവരുടെ മനസ്സിൽ എത്ര വലിയ മുറിവുകളാണ് ഉണ്ടാക്കുകയെന്ന് ആലോചിക്കണം.

ആയുധങ്ങൾ കൊണ്ട് ശരീരത്തിലുണ്ടാകുന്ന മുറിവുകൾ മരുന്നു വെച്ചാൽ സുഖപ്പെടുത്താം. എന്നാൽ, നാവുകൊണ്ട് മനുഷ്യമനസ്സിൽ ഉണ്ടാക്കുന്ന മുറിവുകൾ സുഖപ്പെടുത്താൻ ഒരു മരുന്നും മതിയാകില്ലെന്നോർക്കുക. ഒരാളുടെയും മനസ്സിൽ നാക്കുകൊണ്ട് മുറിവുണ്ടാക്കാരുത് കൂട്ടുകാരേ!


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ–ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

# തിരുകേശം

ആശിഖ് കെ.ടി

ധനികനായ ഒരു വ്യാപാരി മരണപ്പെട്ടു. അദ്ദേഹത്തിന്റെ അനന്തരസ്വത്തായി വലിയ ധനശേഖരവും കൂടെ തിരുനബി(സ)യുടെ മൂന്ന് കേശങ്ങളുമുണ്ടായിരുന്നു. അതെല്ലാം അദ്ദേഹത്തിന്റെ രണ്ട് ആൺ മക്കൾ വീതിച്ചെടുത്തു. അവസാനം തിരുകേശങ്ങളിൽ ഒന്ന് ബാക്കിയായി.

മൂത്തസഹോദരൻ പറഞ്ഞു: 'ഈ കേശം നമുക്ക് ഭാഗിച്ചെടുക്കാം.' എന്നാൽ, തിരുകേശത്തോടുള്ള ആദരവോർത്ത് ഇളയ സഹോദരൻ അത് നിരസിച്ചു. അപ്പോൾ മൂത്തസഹോദരൻ പറഞ്ഞു: 'അങ്ങനെയാണെങ്കിൽ നിനക്കു ലഭിച്ച സ്വത്തിൽ ഒരു ഭാഗം എനിക്കു നൽകി ആ ബാക്കിയുള്ള തിരുകേശം നീ എടുത്തോളൂ.' ഇളയസഹോദരൻ സമ്മതിച്ചു.


ഇളയ സഹോദരൻ ആ തിരുകേശം എപ്പോഴും തന്റെ കീശയിലാണ് സൂക്ഷിച്ചിരുന്നത്. ഇടയ്ക്കിടെ അദ്ദേഹം അതിലേക്ക് ആദരവോടെ നോക്കുകയും തിരുനബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യും.

ക്രമേണ ഇളയ സഹോദരന്റെ സമ്പത്ത് വർദ്ധിക്കാൻ തുടങ്ങി. മൂത്ത സഹോദരന്റെ സമ്പത്താവട്ടെ, കുറഞ്ഞുകുറഞ്ഞു വരുകയും ചെയ്തു.


ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇളയ സഹോദരൻ മരണപ്പെട്ടു. അദ്ദേഹം മുത്ത്നബിയോടൊപ്പം ഇരിക്കുന്നതായി മഹാന്മാരിൽ ചിലർ സ്വപ്നത്തിൽ ദർശിച്ചു. നബി(സ) അവരോടിങ്ങനെ പറഞ്ഞു: 'നിങ്ങൾ ജനങ്ങളോട് പറയുക, ആർക്കെങ്കിലും അല്ലാഹുവിൽ നിന്ന് വല്ല ആവശ്യവും ലഭിക്കണമെന്നുണ്ടെങ്കിൽ ഇദ്ദേഹത്തിന്റെ ഖബ്റിനരികിൽ ചെന്നാൽ മതി.'


അദ്ദേഹത്തിന്റെ ഖബർ സിയാറത്ത് ചെയ്തവരുടെയെല്ലാം ആവശ്യങ്ങൾ സഫലമാവാൻ തുടങ്ങി.

# സഫർ



മോളേ, വെള്ളം വെറ്തെ ഒഴ്കിപ്പോക്ണത് കണ്ടില്ലേ? ആ പൈപ്പൊന്ന് പൂട്ട്.
ഇപ്പഴത്തെ കുട്ട്യാക്ക് ഒന്നിനും ഒരു കണക്കില്ല. സാധനങ്ങളൊക്കെ എത്രയാ വെറ്തെ കളയ്ണ്.
ഈ വല്ലിമ്മാനെക്കൊണ്ട് ഞാൻ തോറ്റ്. എല്ലാടത്തും വന്ന് കുറ്റം പറയണ്.
വല്യുമ്മാ, നമ്മളെ കിണറ്റില് ഇഷ്ടം പോലെ വെള്ളണ്ടല്ലോ. ഇത്തിരി പാഴായിപ്പോയാലെന്താ?
പറ്റൂല മോളേ, ഒന്നും പാഴാക്കാൻ പറ്റൂലാ. വെള്ളായാലും ഭക്ഷണായാലും ഒക്കെ കണക്കിനേ എടുക്കാവൂ. അധികമാക്കി കളയാൻ പാടില്ല.


ങ്ഹും, എന്നെക്കൊണ്ടാകൂല ഇങ്ങനെ കണക്കാക്കിയെടുക്കാൻ.
എന്താ നാജീ പ്രശ്നം? നിയ്യെന്താ വല്യുമ്മാനോട് ദേഷ്യപ്പെടുന്നത്?
ഇത്തിരി വെള്ളം പുറത്തേക്കൊഴുകിയതിനാ ഇക്കാ, വല്യുമ്മ എന്നെ കുറ്റപ്പെടുത്ത്ന്നത്. എല്ലാമിങ്ങനെ കിറുകൃത്യമായി ഉപയോഗിക്കാൻ പറ്റ്വോ?
ഞാൻ മോളെ കുറ്റം പറഞ്ഞതല്ല സഫറേ. നല്ല കാര്യം പറഞ്ഞ് കൊട്ക്ക്വായിര്ന്ന്.
നാജിമോളേ, വല്യുമ്മ പറഞ്ഞത് ശരിയല്ലേ? നിനക്കറിയാത്തത് ഓർമ്മപ്പെടുത്തിയതല്ലേ?
ഇതൊക്കെ എനിക്കറിയാം; ആരും പഠിപ്പിക്കാനൊന്നും വരണ്ട.
അങ്ങനെ പറയരുത് മോളേ, വല്യുമ്മ നല്ല കാര്യമാ പറഞ്ഞത്. അത് അനുസരിക്കാതെ ദേഷ്യപ്പെടുന്നത് വലിയ തെറ്റാ.


ഇത്തിരി വെള്ളം ഒഴുകിപ്പോയതിന്?
കിണറ്റിൽ എത്ര വെള്ളമുണ്ടെങ്കിലും ഒരു തുള്ളിയും പാഴാക്കാൻ പാടില്ല മോളേ. മുത്ത്നബി(സ) പഠിപ്പിച്ചത് അങ്ങനെയാണ്.
വെള്ളത്തിന്റെ കാര്യവും മുത്ത്നബി(സ) പഠിപ്പിച്ചിട്ടുണ്ടോ സഫറിക്കാ?
അതേ. നീ കേട്ടിട്ടില്ലേ, ഒഴുകുന്ന പുഴയിൽ നിന്നാണ് വുളൂഅ് ചെയ്യുന്നതെങ്കിലും മൂന്നുപ്രാവശ്യത്തിലധികം അവയവങ്ങൾ കഴുകാൻ പാടില്ലെന്ന് മുത്ത്നബി(സ) കൽപ്പിച്ചിട്ടുണ്ട്. ഒഴുകുന്ന പുഴയിലെ വെള്ളം പോലും ആവശ്യത്തിൽ കവിഞ്ഞ് ഉപയോഗിക്കാൻ പാടില്ലെന്നാണ് ഇതിനർത്ഥം.
അങ്ങനെ പറഞ്ഞു കൊടുക്ക് മോനേ. അവള് പഠിക്കട്ടേ.
വെള്ളമെന്നല്ല, ഒരു സാധനവും ആവശ്യത്തിലധികം ഉപയോഗിക്കരുത്. ഒന്നും പാഴാക്കരുത്. ഭക്ഷണം കഴിക്കുന്നതിനിടെ ഒന്നോ രണ്ടോ വറ്റ് വീണുപോയാൽ അതുപോലും പെറുക്കിയെടുത്ത് ഉപയോഗിക്കണമെന്നാണ് മുത്ത്നബി(സ) പഠിപ്പിച്ചത് മോളേ.
അങ്ങനെയാണോ, എന്നാല് ഞാനിനി ശ്രദ്ധിക്കാ ട്ടോ. വല്യുമ്മാ, പൊറുക്കണേ...



ഷാക്കിർ തോട്ടിക്കൽ

# ഡൽഹിയിലെ 10 ചരിത്ര നിർമിതികൾ

## ചെങ്കോട്ട

റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി പതാക ഉയർത്തുന്ന ചിത്രം കൂട്ടുകാർ കാണാറില്ലേ? മുഗൾ ചക്രവർത്തി ഷാജഹാൻ പണികഴിപ്പിച്ച ചെങ്കോട്ടയിലാണ് ഈ പതാക ഉയർത്തൽ നടക്കാറുള്ളത്. മുഗൾ സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്ന ഈ കോട്ടയിൽ മാർബിളിലും ചെങ്കല്ലിലും പണികഴിപ്പിച്ച നിരവധി കെട്ടിടങ്ങളുണ്ട്. ഷാജഹാൻ ചക്രവർത്തിയുടെ പ്രസിദ്ധമായ മയൂര സിംഹാസനം സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്.

## ഖുതുബ് മിനാർ

ഡൽഹിയിലെ ഏറ്റവും പഴക്കമുള്ള ചരിത്രസ്മാരകമാണ് ഖുത്തബ്മിനാർ. ഖുത്തുബുദ്ദീൻ ഐബക് ആണിത് പണികഴിപ്പിച്ചത്. 72.5 മീറ്റർ ഉയരമുള്ള ഈ മിനാരത്തിന്റെ മുകളിലെത്താൻ 380 പടികൾ കയറണം. വിശുദ്ധ ഖുർആനിലെ വചനങ്ങൾ ഇതിന്റെ ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നതു കാണാം. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഇഷ്ടികമിനാരവും ശിലാഗോപുരവുമാണ് ഖുതുബ് മിനാർ.

## ജന്തർമന്തർ

മുഗൾചക്രവർത്തി മുഹമ്മദ് ഷായുടെ നിർദ്ദേശപ്രകാരം 1724ൽ മഹാരാജാ ജയ്സിംഗ് രണ്ടാമൻ നിർമ്മിച്ച വാനനിരീക്ഷണാലയമാണ് ജന്തർമന്തർ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളി

ലായി അദ്ദേഹം നിർമ്മിച്ച അഞ്ച് വാനനിരീക്ഷണ കേന്ദ്രങ്ങളിൽ ആദ്യത്തേതാണിത്. ജയ്പൂർ, ഉജ്ജയിൻ, മഥുര, വാരണാസി എന്നിവിടങ്ങളിലാണ് മറ്റു ജന്തർമന്തറുകൾ. ജ്യോതിശാസ്ത്ര പട്ടികകൾ സമാഹരിച്ചുകൊണ്ട് സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ എന്നിവയുടെ ചലനവും സമയവും പ്രവചിക്കാൻ ഉപയോഗിക്കുന്ന 13 വാസ്തുവിദ്യാ ജ്യോതിശാസ്ത്ര ഉപകരണങ്ങളാണ് ഡൽഹിയിലെ ജന്തർമന്തറിലുള്ളത്.

## ഹുമയൂൺ ടോംബ്

മുഗൾചക്രവർത്തിയായിരുന്ന ഹുമയൂണിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ പത്നി ഹാജി ബീഗം (ബേഗ ബീഗം) ആണ് ഈ കുടീരം നിർമ്മിച്ചത്. മിറാക് മിർസ ഗിയാസ് എന്ന പേർഷ്യൻ ശില്പിയാണിതിനു രൂപകൽപ്പന ചെയ്തത്. ഹുമയൂൺടോംബിന്റെ രൂപഘടനയാണ് താജ്മഹലിന്റെ നിർമ്മാണത്തിനു പ്രചോദനമായതെന്നു കരുതപ്പെടുന്നു. അതിനാൽ 'താജ്മഹലിന്റെ മുൻഗാമി' എന്നും ഹുമയൂൺ ടോംബ് അറിയപ്പെടുന്നു. പൂന്തോട്ടത്തിനു നടുവിൽ ശവകുടീരം നിർമ്മിക്കുന്ന പേർഷ്യൻ ശൈലിയായ 'ചാർബാഗ്' ഇന്ത്യയിൽ ആദ്യമായി പരീക്ഷിക്കപ്പെട്ടത് ഇവിടെയാണ്. 1993 ൽ ഇതിനെ യുനെസ്കോ ലോക പൈതൃകപട്ടികയിൽ ഉൾപ്പെടുത്തി.







## ഡൽഹി ജുമാമസ്ജിദ്

1644 - 56 കാലയളവിൽ മുഗൾചക്രവർത്തിയായിരുന്ന ഷാജഹാൻ ദില്ലിയിലെ തന്റെ പുതിയ തലസ്ഥാനനഗരമായ ഷാജഹാനാബാദിൽ (ഇന്നത്തെ ഓൾഡ് ഡൽഹി) പണികഴിപ്പിച്ച നിസ്കാരപ്പള്ളിയാണ് ഡൽഹി ജുമാമസ്ജിദ്. ചുവന്ന മണൽക്കല്ലും വെളുത്ത മാർബിളും ഉപയോഗിച്ചാണിത് നിർമിച്ചത്. ദില്ലിയിലെ ഏറ്റവും തിരക്കേറിയ കച്ചവടകേന്ദ്രങ്ങളിലൊന്നായ ചാന്ദ്നിചൗക്കിലാണ് ഈ പള്ളി സ്ഥിതി ചെയ്യുന്നത്.

## ലോട്ടസ് ടെമ്പിൾ

ബഹായി മതവിശ്വാസികളുടെ ആരാധനാലയമായ ഈ ക്ഷേത്രം ഡൽഹിയിലെ പ്രധാന ആകർഷണകേന്ദ്രങ്ങളിലൊന്നാണ്. താമരപ്പൂവിന്റെ ആകൃതിയിൽ 27 ദളങ്ങളായാണ് ഇതിന്റെ വശങ്ങൾ നിർമ്മിച്ചിരിക്കുന്നത്. 1986 ൽ പണിതീർന്ന ഈ ക്ഷേത്രം ഇന്ത്യയിലെ ഏറ്റവും വലുതും ശില്പചാരുതയിൽ മുന്നിട്ടു നിൽക്കുന്നതുമാണ്. 40 മീറ്ററിലധികം ഉയരമുള്ള നടുത്തളത്തിലേക്ക് തുറക്കുന്ന ഒൻപത് വാതിലുകളാണ് ഈ ക്ഷേത്രത്തിനുള്ളത്. നടുത്തളത്തിൽ രണ്ടായിരത്തിലധികം പേർക്ക് ഇരിക്കാൻ സൗകര്യമുണ്ട്.

## രാജ്ഘട്ട്

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന സ്മാരകമാണ് രാജ്ഘട്ട്. യമുനാനദിയുടെ തീരത്ത് മനോഹരമായ മാർബിൾകല്ലുകൾ കൊണ്ടാണ് ഈ സ്മാരകം നിർമിച്ചത്. സ്മാരകത്തിന്റെ ഒരറ്റത്ത് കെടാതെ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു വിളക്കു കാണാം. 1948 ജനുവരി 30 ന് ബിർളഹൗസിൽ വെച്ച് നാഥൂറാം ഗോഡ്സെയുടെ വെടിയേറ്റു മരണപ്പെട്ട ഗാന്ധിയെ തൊട്ടടുത്ത ദിവസമാണ് ഇവിടെ സംസ്കരിച്ചത്.

## ചാന്ദ്നിചൗക്ക്

മുഗൾചക്രവർത്തി ഷാജഹാൻ

നിർമ്മിച്ച പഴയഡൽഹിയിലെ തിരക്കേറിയ വാണിജ്യകേന്ദ്രമാണ് ചാന്ദ്നി ചൗക്ക്. ഷാജഹാന്റെ മകൾ ജഹനാര രൂപകല്പന ചെയ്ത ഈ സ്ഥലം 'മൂൺലൈറ്റ് സ്ക്വയർ' എന്ന പേരിലും അറിയപ്പെടുന്നു. വൈവിധ്യമാർന്ന ഭക്ഷണ വിഭവങ്ങൾക്കും മധുരപലഹാരങ്ങൾക്കും വസ്ത്ര വ്യാപാരത്തിനും പേരുകേട്ട മാർക്കറ്റാണിത്.

## അഗ്രസേൻ കി ബാവോലി

ഡൽഹിയിലെ കൊണോട്ട് പ്ലേസിനടുത്ത് സ്ഥിതി ചെയ്യുന്ന അതിപുരാതനവും മനോഹരവുമായ പടിക്കിണറാണ് അഗ്രസേൻ കി ബാവോലി. ചരിത്രപരമായും നിർമ്മാണശൈലി കൊണ്ടും ഏറെ ശ്രദ്ധേയമാണിത്. ആരാണ് ഈ പടിക്കിണർ നിർമ്മിച്ചതെന്ന് തെളിയിക്കുന്ന ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും അഗർവാൾ സമുദായത്തിലെ അംഗങ്ങളാണിത് പണിതതെന്ന് വിശ്വസിക്കപ്പെടുന്നു. പതിനാലാം നൂറ്റാണ്ടിൽ ഡൽഹി സുൽത്താനേറ്റിലെ തുഗ്ലക്ക് - ലോധി കാലഘട്ടത്തിൽ പിന്നീട് ഇത് പുനർനിർമ്മിക്കപ്പെട്ടു. 60 മീറ്റർ നീളവും 15 മീറ്റർ വീതിയുമുള്ള ഈ കിണറിന് 108 പടികളുണ്ട്.

## ഇന്ത്യാഗേറ്റ്


ഒന്നാം ലോകമഹായുദ്ധത്തിലും അഫ്ഗാൻയുദ്ധത്തിലും ബ്രിട്ടീഷ്






ഇന്ത്യൻ സൈന്യത്തിനുവേണ്ടി പോരാടി ജീവൻ വെടിഞ്ഞ 80,000 ത്തിലധികം സൈനികരുടെ സ്മാരകമായി 1921 ലാണ് ഇന്ത്യാഗേറ്റിന്റെ നിർമാണം ആരംഭിച്ചത്. വൈസ്രോയിയായിരുന്ന ലോർഡ് ഇർവിനാണ് 1931 ഫെബ്രുവരി 12ന് ഇത് ഉദ്ഘാടനം ചെയ്തത്. 42 മീറ്റർ ഉയരമുള്ള ഈ സ്മാരകം ചുവന്ന മണൽക്കല്ലുകൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനു താഴെ എപ്പോഴും ജ്വലിച്ചുനിൽക്കുന്ന വിളക്കാണ് അമർ ജവാൻ ജ്യോതി. 1971 ലെ ഇന്ത്യ-പാക് യുദ്ധത്തിൽ മരിച്ച സൈനികർക്കുള്ള ആദരസൂചകമായി 1972 ലാണിത് സ്ഥാപിച്ചത്.

# കാലുകളും കൊമ്പുകളും



ഒരു കലമാൻ അരുവിയിൽ വെള്ളം കുടിക്കാനെത്തി.
ഹായ്! എന്റെ കൊമ്പുകൾ എത്ര മനോഹരമാണ്. എന്നാൽ കാലുകളോ, കാണാൻ ഒരു ചന്തവുമില്ല.
പെട്ടെന്ന്,
ബൗ ബൗ
ങേ? വേട്ടനായ്ക്കളുടെ ശബ്ദമല്ലേ ആ കേൾക്കുന്നത്?
വേട്ടനായ്ക്കൾ പിറകെയുണ്ടെന്നു തോന്നുന്നു.
ഹാവൂ! തൽക്കാലം രക്ഷപ്പെട്ടു.
പെട്ടെന്ന്,
ഹയ്യോ, കഷ്ടം! കൊമ്പുകൾ കുരുങ്ങിപ്പോയല്ലോ.


വൂഷ്!
ഹൂ!
ഹെയ്!
ഹാവൂ, തളർന്നു.
ഒടുവിൽ,
ഹാവൂ രക്ഷപ്പെട്ടു. ഞാൻ കളിയാക്കിയ എന്റെ കാലുകൾ എന്നെ രക്ഷിച്ചു.
മനോഹരമായ എന്റെ കൊമ്പുകൾ എന്നെ അപായപ്പെടുത്താൻ ശ്രമിച്ചു.
വേട്ടനായ്ക്കൾ വരുന്നതിനുമുമ്പ് വേഗം രക്ഷപ്പെടാം.

നൈന മണ്ണഞ്ചേരി

# പങ്കനും കുട്ടനും

കാടിനു നടുവിലുള്ള കുളത്തിലായിരുന്നു പങ്കൻ ആമ താമസിച്ചിരുന്നത്. ഒരു ദിവസം പങ്കൻ വെയിൽകൊള്ളാൻ കരയ്ക്കു കയറി നോക്കുമ്പോഴാണ് കുളത്തിനു ചുറ്റും ഓടിക്കളിക്കുന്ന കുട്ടൻ മുയലിനെ കണ്ടത്.



പങ്കൻ മെല്ലെ അവന്റെയടുത്തെത്തി. പതിയെപ്പതിയെ ഇഴഞ്ഞിഴഞ്ഞു വരുന്ന പങ്കനെ കുട്ടൻ കൗതുകത്തോടെ നോക്കി. ആമകളെ ഒരുപാട് കണ്ടിട്ടുണ്ടെങ്കിലും അടുത്തു കാണുന്നത് ആദ്യമായിട്ടാണ്.

'എന്താ നിന്റെ പേര്?' പങ്കൻ ചോദിച്ചു.

'എന്റെ പേര് കുട്ടൻ?' അവൻ പേരു പറഞ്ഞു. വൈകാതെ അവർ ഉറ്റകൂട്ടുകാരായി മാറി. ഒരിക്കൽ പങ്കൻ




## സ്വരാജ് ട്രോഫി

സംസ്ഥാനത്തെ മികച്ച തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന സ്വരാജ്ട്രോഫി ജേതാക്കളെ പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കലിനാണ് ഒന്നാംസ്ഥാനം. ബ്ലോക്ക് പഞ്ചായത്തുകളിൽ നേമവും ജില്ലാ പഞ്ചായത്തുകളിൽ കൊല്ലവും സ്വരാജ് ട്രോഫി സ്വന്തമാക്കി. നഗരസഭ വിഭാഗത്തിൽ ഗുരുവായൂരിനും കോർപറേഷൻ വിഭാഗത്തിൽ തിരുവനന്തപുരത്തിനുമാണ് പുരസ്കാരം.

കുട്ടനെ ഉപദേശിച്ചു:

'കുട്ടാ, പിന്നെ നീ ഈ കുളക്കരയിലിങ്ങനെ ഒറ്റയ്ക്ക് നിൽക്കരുത് കേട്ടോ. കുറുക്കനും ചെന്നായയുമൊക്കെ കറങ്ങി നടക്കുന്ന സ്ഥലമാ.' പങ്കൻ പറഞ്ഞതു കേട്ട് കുട്ടൻ തലകുലുക്കി.

'പിന്നെ, പങ്കൻചേട്ടാ, എനിക്കൊരുമോഹമുണ്ട്. പറയട്ടേ?' മടിച്ചു മടിച്ച് കുട്ടൻ ചോദിച്ചു.

'എന്താണെങ്കിലും എന്നോട് പറഞ്ഞോളൂ.' പങ്കൻ കുട്ടനെ പ്രോൽസാഹിപ്പിച്ചു.

'അതേയ്, എനിക്ക് ഈ കുളത്തിലൂടെ ഒന്നു കറങ്ങണം.'

'അതിനെന്താ, കുട്ടൻ എന്റെ പുറത്തു കയറിക്കോളൂ.' പങ്കൻ പറഞ്ഞു.

കുട്ടൻമുയൽ പങ്കനാമയുടെ പുറത്തു കയറി. ആദ്യം അവന് ചെറിയൊരു പേടി തോന്നി. കുറച്ചുകഴിഞ്ഞപ്പോൾ പേടിയൊക്കെ മാറി. ചിരിച്ചുകളിച്ച് പാട്ടുപാടിയായി പിന്നീടുള്ള യാത്ര. കുട്ടനോടൊപ്പം പങ്കനും പാട്ടു പാടി. ഏറെ നേരം അവർ കുളത്തിലൂടെ കളിച്ചു രസിച്ചു സഞ്ചരിച്ചു. അന്നുമുതൽ അവർ ആത്മാർത്ഥ സുഹൃത്തുകളായി മാറി.

# ഒഴിവുകാലത്തെ വിനോദങ്ങൾ

**നോ**മ്പ് കഴിഞ്ഞു. പെരുന്നാൾ കഴിഞ്ഞു. പരീക്ഷകളും കഴിഞ്ഞു. ഇനി അവധിക്കാലമാണല്ലോ. കുഞ്ഞുമോൻ നേരത്തെ തയ്യാറാക്കിവെച്ച കുറിപ്പുകൾ വീണ്ടും എടുത്തു നോക്കി. അവധിക്കാലം എങ്ങനെ ചെലവഴിക്കണമെന്ന് മദ്റസയിലെ ഉസ്താദും സ്കൂളിലെ സാറും പറഞ്ഞുതന്നത് കുറിപ്പുകളിലുണ്ട്. അവ ഓരോന്നായി നടപ്പിലാക്കണമല്ലോ.

പത്തു പുസ്തകമെങ്കിലും വായിക്കണമെന്നാണ് സാർ പറഞ്ഞത്. വായിച്ചാൽ മാത്രം പോരാ, വായനക്കുറിപ്പും എഴുതണം. നബിമാരുടെയും സ്വഹാബികളുടെയും മറ്റു മഹാത്മാക്കളുടെയും ചരിത്രങ്ങൾ വായിക്കണമെന്ന് ഉസ്താദും പറഞ്ഞിട്ടുണ്ട്. ഒപ്പം മുത്തുനബിയുടെ പത്തു ചര്യകളെങ്കിലും ശീലമാക്കാൻ പരിശ്രമിക്കണമെന്നും. എല്ലാം കൂടി എങ്ങനെയാ രണ്ടുമാസം കൊണ്ട് ചെയ്തുതീർക്കുക?

കുഞ്ഞുമോൻ ആലോചിച്ചു തല പുകച്ചിരിക്കുമ്പോഴാണ് കുഞ്ഞ്യോൾ വന്ന് കളിക്കാൻ വിളിക്കുന്നത്: ‘ഇക്കാക്കാ വാ, നമുക്ക് കുട്ട്യീം കോലും കളിക്കാം.’

‘അവളുടെയൊരു കുട്ട്യീം കോലും!’ കുഞ്ഞുമോൻ മുഖം വീർപ്പിച്ച് തിരിഞ്ഞിരുന്നു. അതു കണ്ട് കുഞ്ഞ്യോൾക്ക് സങ്കടം. അവൾ ഉമ്മയെ നീട്ടി വിളിച്ചു: ‘ഉമ്മാ ഉമ്മാ, ഇക്കാക്ക കളിക്കാൻ കൂട്ണില്ല.’

‘അവളേം കൂട്ടി പുറത്തേക്കെറങ്ങിക്കോടാ.

ഉമ്മക്ക് അടുക്കളേൽ ഒരു പാട് പണിണ്ട്.' ഉമ്മയുടെ ശാസന കൂടിയായപ്പോൾ കുഞ്ഞുമോന് ദേഷ്യം വന്നു. 'എനിക്കിപ്പോ വയ്യ' എന്നു പറഞ്ഞ് എണീറ്റ് വരാന്തയിലേക്കു നടന്നപ്പോഴാണ് കണ്ടത്, മാമന്റെ വണ്ടി വരുന്നു.

'ഹൗ, ആശ്വാസം! മാമനോട് പറഞ്ഞാൽ എല്ലാ കാര്യത്തിനുമൊരു പരിഹാരമുണ്ടാവുമല്ലോ.' അവൻ ആശ്വാസത്തോടെ ഓടിയിറങ്ങി മാമന്റെ കൈ പിടിച്ചു.

'എന്താടോ നിന്റെ മുഖത്തിനൊരു വാട്ടം?'

'ഒന്നുമില്ല.' അവൻ ചിരിക്കാൻ ശ്രമിച്ചു. അതിനിടെ അവൻ പറഞ്ഞു: 'മാമാ, ഒരുപാട് പണികളുണ്ട് ചെയ്തു തീർക്കാൻ. മാമന്റെ സഹായം വേണം.'

'ഓ, ഒരു പണിക്കാരൻ! എന്താ നിനക്കിത്ര പണി? വെക്കേഷനല്ലേ? പോയി കളിക്ക്.'

'മാമൻ ഇങ്ങനെ പറഞ്ഞപ്പോൾ കുഞ്ഞ്യോള് പരാതി പറഞ്ഞു: 'മാമാ, ഇക്കാക്ക കളിക്കാൻ കൂട്ണില്ല.'

'അപ്പോൾ കുഞ്ഞ്യോൻ പറഞ്ഞു:

'മാമാ, എനി



ക്ക് സമയമില്ല. പത്തു പതി
നഞ്ചു പുസ്തകം വായി
ക്കണം. പിന്നെയും പല
കാര്യങ്ങളുമുണ്ട്.'

'ഇതാ പ്പോ ഇത്ര വല്യ
പണി? കുഞ്ഞ്യോൻ അതി
നെക്കുറിച്ചോർത്ത് വിഷമി
ക്കണ്ടാട്ടോ. ഒക്കെ സിമ്പിളാ
ണ്.'

'അതെങ്ങനെയാ മാമാ?'

'ഞാൻ പറഞ്ഞു തരാം.
പത്തു പുസ്തകം വായി
ക്കാനല്ലേ സാർ പറഞ്ഞത്?
ബഷീറിന്റെയും എംടി
യുടെയും ഉറൂബിന്റെയും
തകഴിയുടെയുമൊക്കെ
നോവലുകളും കഥകളും
ധാരാളമുണ്ടല്ലോ. അവ
യൊക്കെ വായിക്കാൻ
തുടങ്ങിയാൽ പിന്നെ കു
ഞ്ഞ്യോൻ പുസ്തകം നില
ത്ത് വെക്കൂല. അത്രയും
രസകരമാണ്. ചെറിയ
പുസ്തകങ്ങൾ സെലക്ട്
ചെയ്താൽ മതി. പിന്നെ
വായനക്കുറിപ്പിന്റെ കാര്യ
മല്ലേ? ഓരോ പുസ്തക
വും വായിച്ചു തീരുമ്പോൾ
നോട്ടുബുക്കിൽ കുറിപ്പെഴു
താം. പുസ്തകത്തിന്റെ പേര്
മുകളിൽ. അതിനു താഴെ
എഴുത്തുകാരന്റെ പേര്. പി
ന്നെ കഥയുടെ ചുരുക്കം.
കഥ ഇഷ്ടപ്പെട്ടോ, ഇഷ്ടപ്പെ





ടാനുള്ള കാരണം എന്നിങ്ങനെ കുറഞ്ഞ കാര്യങ്ങൾ മാത്രമെഴുതണം. അത്രേയുള്ളൂ. കുഞ്ഞ്യോൻ മാമന്റെ ലൈബ്രറിയിൽ നിന്ന് പുസ്തകമെടുത്ത് വായിക്കാൻ തുടങ്ങിക്കോ. ഞാൻ സഹായിക്കാം. നബിമാരുടെയും സഹാബികളുടെയും ചരിത്രങ്ങളും അവിടെയുണ്ട്.'

'ഇതിനൊക്കെ കുറെ സമയം വേണ്ടേ മാമാ?'

'വേണ്ടെടാ. ഒരു ദിവസം ഒന്നോ രണ്ടോ മണിക്കൂർ വായിച്ചാൽ മതി. കളികൾക്കിടയിൽ വിശ്രമിക്കുമ്പോഴും രാത്രിയുമൊക്കെ വായിക്കാലോ. പിന്നെ ഒരു കാര്യം, വായിക്കാനുണ്ടെന്നു വിചാരിച്ച് കളിക്കാൻ ഇറങ്ങാതിരിക്കരുത് കേട്ടോ. കളിക്കണം. തിമർത്തു കളിക്കണം. ക്രിക്കറ്റും ഫുട്ബോളും വോളിബോളും മറ്റു നാടൻ കളികളുമൊക്കെ കൂട്ടുകാരോടൊത്ത് കളിച്ചോളൂ. പക്ഷേ, കൊടുംവെയില് കൊണ്ട് ഉണങ്ങിപ്പോകരുതെന്ന് മാത്രം.'

'പിന്നെ, മാമാ ഉസ്താദ് പറഞ്ഞു പത്തു നബിചര്യകൾ ശീലിപ്പിക്കാൻ.'

'അതിനെന്താ പ്രയാസം? നബിചര്യ എന്താണെന്ന് കുഞ്ഞുമോനറിഞ്ഞുകൂടേ?'

'സുന്നത്തുകളല്ലേ മാമാ?'

'അതുതന്നെ. ഭക്ഷണം കഴിക്കുന്നതുമായി ബന്ധപ്പെട്ട കുറെ സുന്നത്തുകളില്ലേ? തുടങ്ങുമ്പോൾ കൈ കഴുകുക, ബിസ്മി ചൊല്ലുക

## ലോക പുസ്തക ദിനം

1995ലെ യുനെസ്കോ പൊതുസമ്മേളനമാണ് എല്ലാവർഷവും ഏപ്രിൽ 23 ലോക പുസ്തക ദിനവും പകർപ്പവകാശ ദിനവുമായി ആചരിക്കാൻ തീരുമാനിച്ചത്. ലോകസാഹിത്യത്തിലെ പ്രധാനികളായ ഷേക്സ്പിയർ, മികായിൽ ഡി സെർവാന്റസ്, ഗാർഡിലാസോ ഡേ ലാ വെഗാ എന്നിവരോടുള്ള ആദരസൂചകമായാണ് ഇവരുടെ ചരമദിനമായ ഏപ്രിൽ 23 പുസ്തക ദിനമായി തിരഞ്ഞെടുത്തത്.

തുടങ്ങി എത്രയെത്ര സുന്നത്തുകൾ! ഇതുപോലെ ഓരോ കാര്യത്തിലുമുള്ള സുന്നത്തുകൾ ഓർത്തു ചെയ്താൽ പത്തല്ല; നൂറു സുന്നത്തുകൾ ശീലിക്കാൻ ഒരു പ്രയാസവുമുണ്ടാവില്ല. ഇനി എന്തെങ്കിലുമുണ്ടോ ചെയ്യാൻ?'

'കാരുണ്യപ്രവർത്തനങ്ങൾ ശീലിക്കാനും പറഞ്ഞു.'

'ഒഴിവുസമയത്തൊക്കെ അതിനും സമയം കണ്ടെത്താം. നല്ല ചൂടുകാലമല്ലേ? പക്ഷികളും മൃഗങ്ങളുമൊക്കെ ദാഹിച്ചുവലയുന്നുണ്ടാവും. പക്ഷികൾക്ക് കുടിക്കാനായി മരക്കൊമ്പിലും മറ്റും വെള്ളം പാത്രങ്ങളിലാക്കി വെക്കാം. മൃഗങ്ങൾക്ക് കുടിക്കാനും വഴിയരികിലും മറ്റും വെള്ളം ഒരുക്കിവെക്കാം. മുറ്റത്തെ ചെടികളൊക്കെ ദാഹിച്ചുവലഞ്ഞ് 'എനിക്ക് വയ്യേ' എന്ന മട്ടിൽ തലകുനിച്ചു വാടി നിൽക്കുന്നതു കണ്ടിട്ടില്ലേ? അവർക്കും കൊടുക്കാം വെള്ളം. കളികളിലേർപ്പെട്ട കൂട്ടുകാർക്കും നൽകാം കുടിവെള്ളം. മാവായ മാവിലൊക്കെ മാങ്ങകളുണ്ടാവുമല്ലോ. കൊഴിഞ്ഞുവീഴുന്ന മാങ്ങയെടുത്ത് കഷണങ്ങളാക്കി ഉപ്പുകൂട്ടി കഴിക്കുകയും കൂട്ടുകാർക്ക് കൊടുക്കുകയും ചെയ്യാം. ഇതൊക്കെ നല്ല കാര്യമല്ലേ?'

'മാമൻ വന്നിട്ട് ഇങ്ങോട്ട് കയറിയിരിക്കാൻ പോലും പറയാതെ വഴീന്ന് ചോദ്യം ചെയ്യാണോ രണ്ടാളും?'

ഉമ്മയുടെ ശാസന കേട്ട് കുഞ്ഞുമോൻ ഞെട്ടി. മാമൻ ചിരിച്ചുകൊണ്ട് പറഞ്ഞു:

'ചോദ്യം ചെയ്യലൊക്കെ കഴിഞ്ഞു. ഇനി രണ്ടാളും മുറ്റത്തിറങ്ങി കളിച്ചോളൂ.'

കുഞ്ഞുമോൻ കുഞ്ഞുങ്ങളുടെ കൈ പിടിച്ച് മുറ്റത്തേക്കിറങ്ങി.

# കടന്നൽ കുത്ത്

**ഹി**ജ്റ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച വിശ്രുത ഹദീസ് പണ്ഡിതനായിരുന്നു ഇമാം ബുഖാരി(റ). ജീവിതകാലം മുഴുവൻ അറിവന്വേഷണത്തിനും ആരാധനകൾക്കും വേണ്ടി മാറ്റിവെച്ച മഹാനവർകൾ ഖുർആൻ പകർത്തിയെഴുതുന്നതിലും പാരായണം ചെയ്യുന്നതിലുമാണ് ആനന്ദം കണ്ടെത്തിയിരുന്നത്. എല്ലാ ദിവസവും പകൽ ഖുർആൻ പൂർണമായി ഓതിത്തീർക്കും. അത്താഴ സമയത്ത്, ഖുർആനിന്റെ മൂന്നിലൊന്നും പാരായണം ചെയ്യും.

ഒരിക്കൽ മഹാൻ സുന്നത്ത് നിസ്കാരം കഴിഞ്ഞ് വസ്ത്രത്തിന്റെ ഒരു ഭാഗം ഉയർത്തിക്കാണിച്ച് കൂടെയുള്ളവരോട് ചോദിച്ചു:

'ഇവിടെ വല്ലതുമുണ്ടോ? ചെറിയ വേദന അനുഭവപ്പെടുന്നു.'

ആ ഭാഗം നോക്കിയ അനുചരർ അമ്പരന്നുപോയി! മഹാനവർകളുടെ ശരീരത്തിൽ പതിനാറോ പതിനേഴോ സ്ഥലങ്ങളിൽ കടന്നലിന്റെ കുത്തേറ്റ് നീരുവന്ന് വീർത്തിരിക്കുന്നു.

'കടന്നലിന്റെ കുത്തേറ്റിട്ടും എന്തുകൊണ്ടങ്ങ് നിസ്കാരം മുറിച്ചില്ല?' കൂടെയുള്ളവർ അതിശയത്തോടെ ചോദിച്ചു.

'ആ സമയത്ത് ഞാൻ വിശുദ്ധഖുർആനിലെ ഒരു സൂറത്ത് പാരായണം ചെയ്യുകയായിരുന്നു. അത് പൂർത്തിയാക്കാതെ നിസ്കാരം ഉപേക്ഷിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.' എന്നായിരുന്നു ഇമാം ബുഖാരി(റ)വിന്റെ മറുപടി.

ബാസിത്ത് വേങ്ങര



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 13

# തമിഴ്നാട്


- തലസ്ഥാനം : ചെന്നൈ
- വിസ്തീർണം : 1,30,060 ച.കി.മീ
- ജനസംഖ്യ : 7,21,47,030
- ജനസാന്ദ്രത : 555/ച.കി.മീ
- സ്ത്രീപുരുഷാനുപാതം : 996/1000
- സാക്ഷരത : 80.09%
- ഭാഷ : തമിഴ്
- ലോക്സഭാ സീറ്റുകൾ : 39
- രാജ്യസഭാ സീറ്റുകൾ : 18
- അസംബ്ലി സീറ്റുകൾ : 234

## ജില്ലകൾ

1. അരിയലൂർ 2. ചെന്നൈ 3. കോയമ്പത്തൂർ 4. കുടലൂർ 5. ധർമപുരി 6. ഡിണ്ടിഗൽ 7. ഈറോഡ് 8. കാഞ്ചീപുരം 9. കന്യാകുമാരി 10. കരൂർ 11. മധുരൈ 12. കൃഷ്ണഗിരി 13. നാഗപട്ടണം 14. നാമക്കൽ 15. പെരമ്പലൂർ 16. പുതുക്കോട്ട 17. രാമനാഥപുരം 18. സേലം 19. ശിവഗംഗ 20. തഞ്ചാവൂർ 21. നീലഗിരി 22. തേനി 23. തിരുവള്ളൂർ 24. തിരുവാരൂർ 25. തൂത്തുക്കുടി 26. തിരുച്ചിറപ്പള്ളി 27. തിരുനെൽവേലി 28. തിരുവണ്ണാമലൈ 29. വെല്ലൂർ 30. വില്ലുപുരം 31. വിരുതുനഗർ 32. തിരുപൂർ. 33. തെങ്കാശി, 34. ചെങ്കൽപേട്ട്, 35. കല്ലക്കുറിച്ചി, 36. റാണിപ്പെട്ട്. 37. തിരുപട്ടൂർ, 38. മയിലാടുതുറൈ

## ചരിത്രം

അതിപ്രാചീനമായ ചരിത്രമുറങ്ങുന്ന ദേശമാണ് തമിഴ്നാട്. ബ്രിട്ടിഷുകാരുടെ കീഴിൽ മദ്രാസ് പ്രൊവിൻസ് എന്നറിയപ്പെട്ടു. 1956ൽ നടന്ന സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് മദ്രാസ് സംസ്ഥാനം രൂപീകരിക്കപ്പെട്ടു. 1969 നവംബർ 22ന് മദ്രാസ് സംസ്ഥാനത്തിന് തമിഴ്നാട് എന്നു പേരു ലഭിച്ചു.




## അതിർത്തികൾ

വടക്ക് - കർണാടക, ആന്ധ്രപ്രദേശ്
കിഴക്ക് - ബംഗാൾ ഉൾക്കടൽ
തെക്ക് - ഇന്ത്യൻ മഹാസമുദ്രം
പടിഞ്ഞാറ്- കേരളം.

**സംസ്ഥാന പുഷ്പം** – കന്തൽ
**സംസ്ഥാന പക്ഷി** – എറോൾഡ് ഡോവ്
**സംസ്ഥാന വൃക്ഷം** – പന
**സംസ്ഥാന മൃഗം** – വരയാട്



# മറക്കാനാവാത്തൊരു യാത്ര

**ഞ**ങ്ങളുടെ മദ്റസയിൽ നിന്ന് ഒരു യാത്ര പുറപ്പെടുന്നു. അങ്ങനെയൊരു യാത്രയ്ക്ക് ആദ്യമായി പോകുന്ന ആവേശത്തിലായിരുന്നു ഞാൻ. രാവിലെ നേരത്തെ ഉണർന്നു. ഉപ്പയോടൊപ്പം സുബ്ഹി നിസ്കരിച്ചു. പിന്നെ, മനസ്സ് നിറയെ യാത്രയെക്കുറിച്ചുള്ള ചിന്തകളായിരുന്നു. പെൺകുട്ടികൾ മാത്രമുള്ള ഒരു ഗ്രൂപ്പായിരുന്നു ഞങ്ങളുടേത്. കൂടെ ഉസ്താദുമാരും ചില കുട്ടികളുടെ രക്ഷിതാക്കളുമുണ്ട്. മദ്റസയിലെത്തിയപ്പോൾ അവിടെ വലിയൊരു ടൂറിസ്റ്റ് ബസ് നിൽക്കുന്നതു കണ്ടു. അതുകണ്ടപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ല. എല്ലാവരും ആവേശത്തോടെ ബസ്സിൽ കയറി സീറ്റുറപ്പിച്ചു.

ഞങ്ങൾ ആദ്യം പോയത് മടവൂർ സി എം വലിയുല്ലാഹിയുടെ മഖ്ബറയിലേക്കായിരുന്നു. അവിടെ സിയാറത്ത് കഴിഞ്ഞ് പ്രഭാതഭക്ഷണം കഴിച്ചു. പിന്നീട് പോയത് എ പി ഉസ്താദിന്റെ മർകസിലേക്കാണ്. അവിടെ മനോഹരമായ പൂക്കളും ചെടികളും കണ്ട് ഞങ്ങൾ ഒരുപാട് ഫോട്ടോകളെടുത്തു. ശേഷം കോഴിക്കോട് നഗരത്തിലേക്ക് പുറപ്പെട്ടു. കുറച്ചുനേരം മാനാഞ്ചിറ സ്ക്വയറിൽ കൂട്ടുകാർക്കൊപ്പം കളിച്ചപ്പോൾ നല്ല രസം തോന്നി. പിന്നീട് മലപ്പുറത്തേക്ക് തിരിച്ചു. ഖലീൽതങ്ങളുപ്പാപ്പയുടെ മഅ്ദിൻ അക്കാദമിയി



ലേക്കായിരുന്നു യാത്ര. അവിടെയുള്ള ഒരു ഉസ്താദ് ഞങ്ങൾക്ക് സ്മാർട്ട് ക്ലാസ്സ്റൂമുകൾ കാണിച്ചുതരികയും ഒരുപാട് നല്ല ഉപദേശങ്ങൾ നൽകുകയും ചെയ്തു.

കാഴ്ചശക്തിയില്ലാത്ത ഒരുപാട് കൂട്ടുകാരെ അവിടെ കണ്ടപ്പോൾ എനിക്കും കൂട്ടുകാർക്കും വിഷമം തോന്നി. പക്ഷേ, അവർ ഞങ്ങളെക്കാൾ മിടുക്കന്മാരായിരുന്നു. അവർ ഞങ്ങൾക്കു വേണ്ടി പാട്ടുകൾ പാടി. ശാരീരിക

ബുദ്ധിമുട്ടുകളുള്ള മറ്റു കുട്ടികളെയും ഞങ്ങൾ അവിടെ കണ്ടു. പഴയകാലത്തെക്കുറിച്ചുള്ള ഒരുപാട് പുതിയ അറിവുകളും അവിടെ നിന്ന് ലഭിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞ് മലപ്പുറം വലിയ ജുമുഅത്ത് പള്ളിയിലെ ശുഹദാമഖാമിലെത്തി. അവിടെ വെച്ച് എല്ലാവർക്കും വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്തു. പ്രിയപ്പെട്ട ഉപ്പയ്ക്കും ഉമ്മയ്ക്കും വലിയുമ്മയ്ക്കും ഉസ്താദുമാർക്കും മരണപ്പെട്ടുപോയവർക്കുമെല്ലാം വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

രാത്രി പത്തു മണിയോടെ ബസ് തിരിച്ചെത്തിയപ്പോൾ ഉപ്പ മദ്റസയിൽ കാത്തു നിൽപ്പുണ്ടായിരുന്നു. ഒരുപാട് പുതിയ അറിവുകളും അനുഭവങ്ങളും സമ്മാനിച്ച ഈ യാത്ര മനസ്സിൽ എന്നും മനോഹരമായ ഓർമ്മയായി നിലനിൽക്കും.

***ആമിന ഫിൽസ, ബഹ്ജ സിഎം മദ്റസ, ആവിലോറ***

# ഭൂമിയുടെ മനോഹാരിത

നേരം അസ്തമിക്കാറായി. കടലിനടിയിലേക്ക് ഇപ്പോൾ താഴുമെന്ന മട്ടിൽ സൂര്യൻ വന്നു നിന്നു. വാനം ചുവപ്പുവർണ്ണമണിഞ്ഞ് ചമഞ്ഞൊരുങ്ങി. നേർത്ത തണുപ്പുള്ളൊരു മന്ദമാരുതൻ മണൽപ്പരപ്പുകളെ തഴുകി കടന്നുപോയി. സന്ധ്യ മയങ്ങി. മാനത്ത് അമ്പിളി പ്രത്യക്ഷപ്പെട്ടു. നിലാവിന്റെ പ്രകാശം മരങ്ങൾക്കിടയിലൂടെ ഭൂമിയിലേക്കരിച്ചിറങ്ങി. താരകങ്ങൾ ചന്ദ്രനു ചുറ്റും തിളങ്ങിക്കൊണ്ടിരുന്നു. 'ആഹാ... ഈ ഭൂമിയെത്ര മനോഹരമാണ്!' അവൻ ആത്മഗതം ചെയ്തു.

***അബ്ദുൽ വാഹിദ് എൻ, ക്ലാസ് 6, മഖ്ദൂമിയ്യ സുന്നി മദ്റസ, കാവപ്പുര***

# ഇരുമുഖങ്ങൾ

**ചി**ലർ ആനന്ദത്തിന്റ മടിത്തട്ടിൽ
ആടിക്കൊണ്ടിരിക്കുന്നു.
മറ്റു ചിലർ ഉറ്റവരെ നഷ്ടപ്പെട്ട്
ഉരുകിക്കൊണ്ടിരിക്കുന്നു.
ജീവിതം ഇങ്ങനെയാണല്ലോ!

***ഫാത്വിമ ടി പി, മൻഹജുസ്സുന്നി മദ്റസ, കൂവേരി***

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

ഞാൻ ഓരോ മാസവും നിന്നെ കാത്തിരിക്കാറുണ്ട്. മദ്റസയിൽ നിന്ന് കുസുമം കിട്ടുന്ന ദിവസം എനിക്ക് നല്ല സന്തോഷമാണ്. കുസുമത്തിലെ എന്റെ ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രങ്ങൾ ഹോജയും മിസ്റ്റർ മണ്ടപ്പനുമാണ്. പിന്നെ, കളിക്കളവും വേഡ്പസിലുമാണ് എന്റെ ഫേവറിറ്റ്.

ഒന്നാം ക്ലാസിൽ പഠിക്കുന്ന എന്റെ അനിയനും കുസുമം വളരെയധികം ഇഷ്ടമാണ് കേട്ടോ. മദ്റസയിൽ നിന്ന് കുസുമവും സുന്നത്തും കിട്ടാറുണ്ട്. കുസുമം മാസിക ഞങ്ങൾ വായിക്കും. സുന്നത്ത് മാസിക ഇത്താത്താക്ക് കൊടുക്കും. രണ്ടു മാസികകളും ധാരാളം അറിവുകൾ നൽകുന്നു. ഭാവുകങ്ങൾ!

***ഉദൈഫ് ഒ കെ,***
***ക്ലാസ് 4, അഹ്ദലിയ സുന്നി മദ്റസ,***
***കക്കഞ്ചിറ.***

പ്രിയപ്പെട്ട ബാലകുസുമത്തിന്,

എനിക്ക് നിന്നെ വളരെയധികം ഇഷ്ടമാണ്. ഒന്നാം ക്ലാസിൽ പഠിക്കുന്ന ഞാൻ കുസുമത്തിലെ കഥകളെല്ലാം ഒറ്റയ്ക്ക് വായിക്കാൻ ശ്രമിക്കാറുണ്ട്. ഇക്കാക്ക എനിക്ക് കഥകൾ വായിച്ചുതരാറുണ്ട്. കുസുമം കൈയിൽ കിട്ടുമ്പോൾ നല്ല സന്തോഷമാണ്. കുസുമത്തിലെ കഥകളെക്കാൾ എനിക്കിഷ്ടം കൊച്ചുകൊച്ചു ആക്ടിവിറ്റികൾ നൽകുന്ന കളിക്കളമാണ്. കുസുമം എന്ന മധുരമിട്ടായിക്കു വേണ്ടി എല്ലാ മാസവും ഞങ്ങൾ ക്ഷമയോടെ കാത്തിരിക്കാറുണ്ട്. എല്ലാ മാസവും വേഗം വരണേ.

***കൈസ് ഒ കെ,***
***ക്ലാസ് 1, അഹ്ദലിയ സുന്നി മദ്റസ, കക്കഞ്ചിറ***

പ്രിയ ബാലകുസുമത്തിന്,

ഒരുപാട് നാളായി നിന്നെ ഞാൻ കാത്തിരിക്കുന്നു. നീ എന്റെ കൈകളിലെത്തിയാൽ മുഴുവൻ വായിക്കാതെ നിലത്തു വെക്കില്ല. നിന്റെ എല്ലാ കഥകൾക്കും നൂറുമാർക്കാണ്. എല്ലാ കഥാപാത്രങ്ങളും എന്റെ ഉറ്റചങ്ങാതിമാരാണ്. പുതിയ കഥകളും കവിതകളുമെല്ലാമായി വേഗം വരണേ...

സ്നേഹത്തോടെ,

***സയ്യിദ് മുഹമ്മദ് ശിബ്‌ലി കെപി,***
***ക്ലാസ് 7, മഅ്ദിൻ അറബിക് വില്ലേജ്, മലപ്പുറം***




സമസ്ത ചരിത്രം - 28

# മടവൂർ സിഎം വലിയ്യുല്ലാഹ്

റൈഹാൻ

**ഹ**ജ്ജിനു പുറപ്പെട്ട കുഞ്ഞുമാഹിൻ കോയ മുസ്‌ലിയാർ മക്കത്തു വെച്ച് ഒരു സ്വപ്നം കണ്ടു; 'താങ്കൾക്കൊരു ആൺകുഞ്ഞ് പിറക്കും. അല്ലാഹുവിന്റെ ഔലിയാക്കളിൽ ഒരാളായിരിക്കും ആ മകൻ' എന്നൊരാൾ തന്നോടു പറയുന്നതാണ് സ്വപ്നം. മടവൂർ മഹല്ല്ഖാളിയും മുദരിസുമാണ് അന്ന് കുഞ്ഞുമാഹിൻ മുസ്‌ലിയാർ. അറിയപ്പെട്ട മതപ്രഭാഷകനുമാണ്. ഹജ്ജ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ ഉസ്താദിന് ഹി. 1349 (ക്രി. 1928) റബീഉൽ അവ്വൽ 12ന് ഒരാൺകുഞ്ഞ് പിറന്നു. സന്തോഷവാർത്ത അറിയിക്കാൻ അദ്ദേഹം തന്റെ ശൈഖായ ഞെണ്ടാടി അബൂബക്കർ വലിയുല്ലാഹിയെ സമീപിച്ചു. വലിയ്യ് മകന്റെ ഭാവിയെക്കുറിച്ചു ചില കാര്യങ്ങൾ പ്രവചിക്കുകയും മുഹമ്മദ് അബൂബക്കർ എന്ന് പേര് നിർദ്ദേശിക്കുകയും ചെയ്തു. ഈ കുട്ടിയാണ് പിൽക്കാലത്ത് 'സി എം വലിയുല്ലാഹി'

എന്നറിയപ്പെട്ട മഹാൻ. മടവൂർ ചിറ്റടിമീത്തൽ എന്ന വീട്ടിലായിരുന്നു അവരുടെ താമസം. ആഇശ ഹജ്ജുമ്മയാണ് മാതാവ്.

ആറാം വയസ്സിൽ സി എം വലിയുല്ലാഹിയുടെ പിതാവ് മരണപ്പെട്ടു. ഉമ്മയുടെയും മറ്റു ബന്ധുക്കളുടെയും തണലിലാണ് പിന്നെ വളർന്നത്. നാട്ടിലെ പ്രാഥമിക പഠനത്തിനുശേഷം കൊടുവള്ളി, മങ്ങാട്, കൊയിലാണ്ടി എന്നിവിടങ്ങളിലെ ദർസുകളിൽ പഠിച്ചു. തളിപ്പറമ്പ് ഖുവ്വതുൽ ഇസ്‌ലാം അറബികോളേജിൽ നിന്നാണ് ബിരുദം നേടാനായി വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിലേക്ക് പോയത്. ഇമ്പിച്ചാലി മുസ്‌ലിയാർ, ഇ കെ അബൂബക്കർ മുസ്‌ലിയാർ, ശൈഖ് ആദം ഹസറത്ത്, ശൈഖ് ഹസൻ ഹസറത്ത് തുടങ്ങിയവരാണ് പ്രധാന ഗുരുനാഥന്മാർ. 1957ൽ ബാഖിയാത്തിൽ ചേർന്ന മഹാനവർകൾ 1960ൽ ബിരുദം നേടി നാട്ടിൽ തിരിച്ചെത്തി. പിതാവ് ദർസ് നടത്തിയിരുന്ന മടവൂർപള്ളിയിൽ മുദരിസായി സേവനമാരംഭിച്ചു. അക്കാലത്ത് നൂറോളം വിദ്യാർത്ഥികൾ അവിടെ പഠിക്കാനെത്തിയിരുന്നത്രെ!

പഠനകാലത്ത് അതിസമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. ഒരിക്കൽ കേട്ടാൽ മതി, അറിവുകൾ ഹൃദയത്തിൽ പതിയും. പിന്നെ ഗ്രന്ഥം വായിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല എന്ന് സഹപാഠികൾ അനുസ്മരിച്ചിട്ടുണ്ട്. കൂട്ടുകാരെല്ലാം സംശയങ്ങൾ തീർക്കാൻ അദ്ദേഹത്തെയായിരുന്നു സമീപിച്ചിരുന്നത്. അറബി, ഉറുദു, പേർഷ്യൻ, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ മഹാൻ പ്രാവീണ്യം നേടിയിരുന്നു.

അക്കാലത്തേ പ്രത്യേക സ്വഭാവമായിരുന്നു; കൂടുതൽ സംസാരിച്ചിരുന്നില്ല. കളിചിരികളിലും തമാശകളിലും ഏർപ്പെട്ടിരുന്നില്ല. ആരാധനാക്രമങ്ങളിൽ ഏറെ തല്പരനായിരുന്നു. മുദരിസായ ശേഷം പരിസരപ്രദേശങ്ങളിലെല്ലാം ഗംഭീര പ്രഭാഷണങ്ങൾ നടത്തിയിരുന്നത്രെ! കുടുംബത്തിന്റെ നിർബന്ധത്തിനു വഴങ്ങി വിവാഹം കഴിച്ചെങ്കിലും അവരോടൊപ്പം കഴിയാനുള്ള താല്പര്യമൊന്നും വലിയുല്ലാഹിക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ ആ ബന്ധം വൈകാതെ തന്നെ അവസാനിക്കുകയും ചെയ്തു.

1962ൽ സി എം വലിയുല്ലാഹി ഹജ്ജിനു പുറപ്പെട്ടു. ഹജ്ജ്‌വേളയിൽ വിചിത്രമായ

പല അനുഭവങ്ങളും ഉണ്ടായ തായി പറയപ്പെടുന്നു. നാട്ടിൽ തിരിച്ചെത്തി ദർസ് പുനരാരം ഭിച്ചെങ്കിലും അധികസമയവും ആരാധനയിലായതുകൊണ്ട് ശിഷ്യരെ ശ്രദ്ധിക്കാൻ കഴി യാതായപ്പോൾ മറ്റു ദർസു കളിലേക്ക് പറഞ്ഞയച്ചു. പിന്നെ പലഭാഗങ്ങളിലുമുള്ള ഔലിയാക്കളുമായി ബന്ധം സ്ഥാപിച്ചു. ഇക്കാലത്ത് എല്ലാ പകലുകളിലും നോമ്പായിരു ന്നു; രാത്രികളിൽ നിസ്കാര വും. ആഹാരം പേരിനുമാത്രം. അതിനിടെ ജനങ്ങളിൽ നിന്നകന്ന് യാത്രയാരംഭി ച്ചു. വന്യജീവികൾ നിറഞ്ഞ കാടുകളിലും മേടുകളിലും സഞ്ചരിച്ചു. ഗ്രാമഗ്രാമാന്തര ങ്ങളിൽ ഏകാന്തപഥികനായി കറങ്ങി. അന്ന് വലിയുല്ലാ ഹിയുമായി ബന്ധപ്പെട്ടവർ



# വേനലവധി

**വ**ന്നൂ വീണ്ടും അവധിക്കാലം
വെയിലു കനക്കും വേനൽക്കാലം
മാവും പ്ലാവും കശുമാവും
വിളഞ്ഞുനിൽക്കും ഫലകാലം.
വെള്ളം നുകരാം ധാരാളം
ക്ഷീണമകറ്റാൻ അതു കേമം
കഥകൾ കവിതകൾ കേട്ടീടാം
പുസ്തകമൊത്തിരി വായിക്കാം

**ജി. കണ്ണനുണ്ണി ഗോകുലം**

ക്കൊക്കെ അത്ഭുതകരമായ പലതും ദർശിക്കാൻ കഴിഞ്ഞു. അക്കാലത്ത് നടത്തിയ പല പ്രവചനങ്ങളും സത്യമായി പുലർന്നുകൊണ്ടിരിക്കുന്നു.

പിന്നെയാണ് സഞ്ചാരം മതിയാക്കി ചിലയിടങ്ങളിൽ താമസിക്കാൻ തുടങ്ങിയത്. അവസാനം കോഴിക്കോട് മമ്മുട്ടിമൂപ്പന്റെ വീട്ടിലായിരുന്നു 10 വർഷത്തോളം താമസിച്ചത്. പ്രയാസമനുഭവിക്കുന്നവരുടെ അത്താണിയായിരുന്നു അക്കാലത്ത് ശൈഖുനാ. നൂറുകണക്കിനാളുകൾ ദിവസവും അവിടുത്തെ കാണാനെത്തും. അവർക്ക് പലതരം പ്രയാസങ്ങളും പരാതികളും പറയാനുണ്ടാവും. എല്ലാം കേട്ടുകഴിഞ്ഞ് ശൈഖുനാ പറയും; 'അത് വേണ്ട', 'അത് ഞാൻ തടഞ്ഞിരിക്കുന്നു' എന്നിങ്ങനെ ഒന്നോ രണ്ടോ വാക്കുകൾ! അതോടെ ആ പ്രയാസങ്ങളെല്ലാം അത്ഭുതകരമായി നീങ്ങിക്കിട്ടാറുണ്ടായിരുന്നു.

കേരളത്തിൽ സമസ്തയുടെ വളർച്ചയിലും നിലനിൽപ്പിലും നിർണായകമായ പങ്കു വഹിച്ച മഹാനാണ് സി എം വലിയ്യുല്ലാഹ്. ഉള്ളാൾ തങ്ങളുടെയും കാന്തപുരം ഉസ്താദിന്റെയും നേതൃത്വത്തിൽ എസ് വൈ എസ് എറണാകുളം മഹാസമ്മേളനം സംഘടിപ്പിച്ച കാലം. എല്ലാ ഭാഗത്തുനിന്നും ശക്തമായ എതിർപ്പാണ്. സമ്മേളനം തടയപ്പെടുമെന്നുപോലും പേടിച്ച സമയം. പ്രതിസന്ധി അറിയിക്കാൻ ശൈഖുനാ കാന്തപുരം ഉസ്താദും പ്രവർത്തകരും വലിയുല്ലാഹിയെ സന്ദർശിച്ചു. 'എറണാകുളത്തേക്ക് പൊയ്ക്കോളൂ, സമ്മേളനം വിജയിച്ചിരിക്കുന്നു' എന്ന ആശംസയും ആശിർവാദവുമായിരുന്നു വലിയ്യുല്ലാഹിയുടെ പ്രതികരണം. ആ വാക്ക് പുലർന്നു. സമ്മേളനം വമ്പിച്ച വിജയമായി. തുടർന്നിങ്ങോട്ടുള്ള സമസ്തയുടെ മുന്നേറ്റത്തിൽ വലിയുല്ലാഹിയുടെ പൂർണ്ണ പിന്തുണ കാന്തപുരം ഉസ്താദിനുണ്ടായിരുന്നു. ഇന്നും അത് തുടരുന്നു.

ഹിജ്റ 1411 ശവ്വാൽ 6ന് (ക്രി. 1991) 63-ാം വയസ്സിൽ കോഴിക്കോടു വച്ചാണ് വലിയുല്ലാഹി ഈ ലോകത്തോടു വിട പറഞ്ഞത്. അന്നു രാത്രി തന്നെ മടവൂർപള്ളിയങ്കണത്തിൽ പിതാവിനടുത്തായി ഖബറടക്കി. ശൈഖുനാ കാന്തപുരം ഉസ്താദിന്റെയും അവേലത്ത് തങ്ങളുടെയും വൈലത്തൂർ തങ്ങളുടെയും നേതൃത്വത്തിലായിരുന്നു ജനാസ സംസ്കരണം.

ഇസ്മാഈൽ പൂങ്ങോട്

# നല്ലവനായ ബാലുക്കരടി

വലിയ ശരീരവും കനത്ത ശബ്ദവുമുള്ള ബാലുക്കരടിയെ കാട്ടിലുള്ള കൊച്ചുമൃഗങ്ങൾക്കെല്ലാം ഭയമായിരുന്നു. ബാലുവിനെ കണ്ടാൽ എല്ലാവരും ഉടനെ ഓടിമറയും.

'ബാലു മഹാദുഷ്ടനാണ്' എന്നവർ തമ്മിൽ പറഞ്ഞു നടക്കുകയും ചെയ്യും.

ബാലുക്കരടിയാവട്ടെ, വളരെ പാവമായിരുന്നു. കാട്ടിലെ എല്ലാ മൃഗങ്ങളോടും അവന് വലിയ സ്നേഹമായിരുന്നു. എന്നാൽ, മറ്റു മൃഗങ്ങളൊന്നും അവനെ ശരിയായി മനസ്സിലാക്കിയില്ല.

ഒരു ദിവസം, മൃഗങ്ങളെല്ലാം മാവിൻചുവട്ടിൽ ഒത്തുകൂടി.



'ആ ദുഷ്ടൻ ബാലുവിനെ കാട്ടിൽ നിന്ന് ഓടിക്കണം!' ചിലർ പറഞ്ഞു.

'അതിനെന്താണു വഴി.' അവർ ആലോചനയിലായി.

'ബാലു പതിവായി നടക്കുന്ന വഴിയിൽ നമുക്കൊരു കുഴിയുണ്ടാക്കാം.' ചിണ്ടുമുയൽ അഭിപ്രായപ്പെട്ടു.

ആ ആശയം എല്ലാവർക്കും ഇഷ്ടപ്പെട്ടു. എല്ലാവരും ചേർന്ന് കുഴിയുണ്ടാക്കാൻ തുടങ്ങി.



അതിനിടയിലാണ് മരംവെട്ടുകാരൻ നാണപ്പനും വേട്ടക്കാരൻ കോരപ്പനും കാട്ടിലേക്കു വന്നത്.

'ഇന്ന് നല്ല കോളുണ്ടെന്നു തോന്നുന്നു!' കോരപ്പൻ പറഞ്ഞു.

ഇതുകേട്ട മൃഗങ്ങൾ പേടിച്ച് നാലു പാടും ഓടിപ്പോയി.

അപ്പോഴാണ് ബാലു അവിടെയെത്തിയത്. മനുഷ്യരെ കണ്ടതും കാട് അപകടത്തിലാണെന്നു മനസ്സിലാക്കി അവൻ ഉറക്കെ ഗർജ്ജിച്ചു. ഗർജ്ജനം കേട്ടതോടെ നാണപ്പനും കോരപ്പനും 'രക്ഷിക്കണേ' എന്നു നിലവിളിച്ച് ഓടി രക്ഷപ്പെട്ടു.

ബാലു പുളിമരച്ചുവട്ടിൽ കിടന്ന് ഉറക്കമായി. കാട്ടിലെ മൃഗങ്ങളെയെല്ലാം താൻ രക്ഷിച്ചുവെന്ന കാര്യം അവനറിഞ്ഞിരുന്നില്ല.

ഇതെല്ലാം കണ്ട് മറ്റു മൃഗങ്ങൾക്ക് സന്തോഷമായി.

ചിണ്ടുമുയൽ പറഞ്ഞു: 'കൂട്ടുകാരേ, ബാലു നാം കരുതിയതുപോലെയല്ല; അവനാണ് നമ്മെ രക്ഷിച്ചത്.'


ബാലുവിനെ കുറ്റപ്പെടുത്തിയതിൽ എല്ലാവർക്കും കുറ്റബോധം തോന്നി.

അവർ ധാരാളം പഴങ്ങളും തേനുമായി ബാലുവിന്റെ അടുത്തെത്തി.


ശബ്ദം കേട്ട് ഉണർന്ന ബാലുവിന് അത്ഭുതമായി. അവർ സംഭവിച്ച കാര്യങ്ങളെല്ലാം അവനെ അറിയിച്ചു. അവന്റെ കണ്ണുകളിൽ സന്തോഷക്കണ്ണീർ നിറഞ്ഞു.

അന്നുമുതൽ മറ്റുമൃഗങ്ങൾ ബാലുവിനോടൊപ്പം നല്ല സുഹൃത്തുക്കളായി ജീവിച്ചു.

# കർഷകനും എലിയും



എലി ഒരു കർഷകന്റെ തോട്ടത്തിലെത്തി.
ഹായ്! നല്ല ഒന്നാന്തരം കിഴങ്ങുകൾ!
ഇവിടെ ഒരു മാളമുണ്ടാക്കിയാൽ ജീവിതകാലം മുഴുവൻ കുശാലായിക്കഴിയാം.
എലി തോട്ടത്തിന്റെ ഒരറ്റത്ത് മാളം തുരയ്ക്കാൻ തുടങ്ങി.
കർഷകൻ കാണാത്ത സ്ഥലമാണിത്. ഇവിടെ നിന്നു തുടങ്ങാം.
ഏറെ നേരം കഴിഞ്ഞപ്പോൾ,
ഹാവൂ! വലിയ മാളം റെഡിയായി. കർഷകന് ഇനി എന്നെ കണ്ടെത്താനാവില്ല.
വിശക്കുമ്പോൾ പുറത്തുവന്ന് ഇഷ്ടംപോലെ കിഴങ്ങുകൾ കണ്ടു തിന്നാം.


അല്പനേരം കഴിഞ്ഞപ്പോൾ കർഷകൻ തോട്ടത്തിലെത്തി.
ങേ? അവിടെ ഒരു മൺകൂന കാണുന്നുണ്ടല്ലോ!
ഏതോ ഒരു എലി തോട്ടത്തിൽ എത്തിയിട്ടുണ്ട്. അവൻ മാളമുണ്ടാക്കാൻ തുരന്നിട്ട മണ്ണാണിത്.
ഈ വല ഇവിടെയിരിക്കട്ടെ.
വൈകാതെ,
ഹയ്യോ! രക്ഷിക്കണേ!
എത്ര മറച്ചുവെക്കാൻ ശ്രമിച്ചാലും കള്ളം ഒരു നാൾ പൊളിയും.

## മാരക മരം

**ലോ**കത്തിലെ ഏറ്റവും അപകടകാരിയായ മരങ്ങളിലൊന്നാണ് ഹൊറാ ക്രെപിറ്റൻസ് (Huracrepitans) എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന സാൻഡ്ബോക്സ് ട്രീ (Sandboxtree). തായ്ത്തടിയിൽ നിറയെ കൂർത്തതും



ബലമുള്ളതുമായ മുള്ളുകളുള്ളതു കാരണം കുരങ്ങുകൾക്കു പോലും ഈ മരത്തിൽ കയറാൻ കഴിയില്ല. അതുകൊണ്ട് 'മങ്കി നോ–ക്ലൈംബ്' എന്നും ഈ മരത്തിനു പേരുണ്ട്.

പൊട്ടിത്തെറിക്കുന്ന കായ്കളാണ് ഈ മരത്തിന്റെ പ്രധാന സവിശേഷത. ചെറിയ മത്തങ്ങയുടെ ആകൃതിയിലുള്ള ഈ കായ്കൾ ഉണങ്ങിക്കഴിയുമ്പോൾ ബോംബ് പൊട്ടുന്നത് പോലെ വലിയ ശബ്ദത്തിൽ പൊട്ടിത്തെറിക്കുന്നു. കായയുടെ ഉള്ളിലെ വിത്തുകൾ ഏകദേശം 250 കി.മീ/മണിക്കൂർ വേഗതയിലാണ് പുറത്തേക്ക് തെറിക്കുക. മരത്തിന്റെ 45 മീറ്റർ ദൂരേക്ക് വരെ ഈ വിത്തുകൾ തെറിച്ചു വീഴാറുണ്ട്.

ഈ മരത്തിന്റെ എല്ലാ ഭാഗങ്ങളും വിഷമയമാണ്. മരത്തിന്റെ പാൽ പോലെയുള്ള കറ ചർമ്മത്തിൽ പൊള്ളലുണ്ടാക്കാനും കാഴ്ചശക്തി നഷ്ടപ്പെടാനും കാരണമാകും. ഇതിന്റെ വിത്തുകൾ അകത്തെത്തിയാൽ കഠിനമായ ഛർദ്ദി, വയറിളക്കം എന്നിവ ഉണ്ടാകുകയും ജീവനു തന്നെ ഭീഷണിയാകുകയും ചെയ്യും.

പണ്ട് മഷിയുണക്കാൻ ഉപയോഗിച്ചിരുന്ന മണൽ സൂക്ഷിക്കാൻ ഇതിന്റെ കായ്കൾ ഉപയോഗിച്ചിരുന്നതിനാലാണ് ഈ മരത്തിന് 'സാൻഡ് ബോക്സ് ട്രീ' എന്ന പേരു വന്നത്.

വായനക്കുറിപ്പ്


# നൈലിന്റെ പുത്രൻ





**മൂ**സാനബി(അ)ന്റെ സംഭവബഹുലമായ ജീവിത ചരിത്രം വിവരിക്കുന്ന പുസ്തകമാണ് പുല്ലമ്പാറ ശംസുദ്ദീൻ എഴുതിയ 'നൈലിന്റെ പുത്രൻ'. ഒരു ഇസ്റാഈൽ സന്തതിയിലൂടെ തന്റെ അധികാരം നഷ്ടപ്പെടാൻ പോകുന്നുവെന്ന് തിരിച്ചറിഞ്ഞ ഫറോവ തന്റെ രാജ്യത്ത് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം വധിച്ചുകളയാൻ നിർദ്ദേശിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ വിധിയെന്നു പറയാം, നൈൽനദിയിലൂടെ ഒരു പെട്ടിയിൽ ഒഴുകിവന്ന മൂസാനബി(അ) ഫറോവയുടെ കൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളർന്നു. പിന്നീട് വിവിധ ദേശങ്ങളിലൂടെ സഞ്ചരിച്ച മൂസാനബി(അ), ശുഐബ് നബി(അ), ഖളിർ നബി(അ) എന്നീ പ്രവാചകരുമായി സന്ധിക്കുകയും അവരിൽനിന്ന് ഒരുപാട് വിജ്ഞാനങ്ങളും അനുഭവങ്ങളും കരസ്ഥമാക്കുകയും ചെയ്തു. ശുഐബ് നബി(അ)ന്റെ പെൺമക്കളെ വിവാഹം ചെയ്ത മൂസാനബിക്ക് ഒരിക്കൽ, തൂരിസീന പർവ്വതത്തിലെ തുവാ എന്ന താഴ്‌വരയിൽ വെച്ച് പ്രവാചകത്വം ലഭിച്ചു. ശേഷം സഹോദരനായ ഹാറൂൻ നബി(അ) യോടൊപ്പം ഫറോവയുടെ കൊട്ടാരത്തിൽ തിരിച്ചെത്തി ഇസ്റാഈൽ ജനതയെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചു. ഫറോവ നശിക്കുകയും ചെയ്തു. മനോഹരമായ ഈ കഥയാണ് പുസ്തകത്തിലുള്ളത്. ഐ പി ബി പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് 140 രൂപയാണ് വില. ❖


***ആഇശ ഫസീഹ,***
***മർകസുൽ അബ്റാർ***
***സുന്നി മദ്റസ, മണ്ണാർക്കാട്***

# അത്യാഗ്രഹം മൂത്താൽ


പകൽ മുഴുവൻ ഇര തേടി നടന്നിട്ടും ഒന്നും കിട്ടാതെ നിരാശയോടെ മടങ്ങുകയായിരുന്നു സിംഹം. അപ്പോൾ,
ഹായ്! ഒരു മുയലല്ലേ അത്? മുയലെങ്കിൽ മുയൽ! പട്ടിണി കിടക്കുന്നതിലും ഭേദം തന്നെ!
അപ്പുറത്ത് ഒരനക്കം കേട്ട് സിംഹം നോക്കിയപ്പോൾ,
കോളടിച്ചല്ലോ! ഒരു മാൻ അതാ അവിടെ മേയുന്നു. മാൻ തന്നെയാവട്ടെ ഇന്നത്തെ ഇര!
ങേ? സിംഹം!
സിംഹത്തെ കണ്ടതും മാൻ ഓട്ടം തുടങ്ങി, സിംഹം പിറകെയും.
രക്ഷിക്കണേ...
നില്ലെടാ അവിടെ!


ശബ്ദം കേട്ട മുയൽ ഓടി രക്ഷപ്പെട്ടു.
ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു!
ഒരുപാട് ഓടിയപ്പോൾ,
ഹാവൂ, തളർന്നു. ഇനി ഓടാൻ വയ്യ.
മാൻ രക്ഷപ്പെട്ടു. ആ മുയലിനെ കിട്ടുമോ എന്നു നോക്കാം.
സിംഹം മരച്ചുവട്ടിൽ എത്തിയപ്പോൾ,
കഷ്ടം! അവനും രക്ഷപ്പെട്ടു.
ഒരു വിധം രക്ഷപ്പെട്ടു!
ആദ്യം തന്നെ, ആ മുയലിനെ പിടിച്ചാൽ മതിയായിരുന്നു. അത്യാഗ്രഹത്തിന്റെ ഫലം അനുഭവിക്കുക തന്നെ!

# സാരറ്റോഗ ചിപ്സിന്റെ കഥ

സലാം തിരുമല

**വ**ർഷം 1853. ന്യൂയോർക്കിലെ സാരറ്റോഗ സ്പ്രിംഗ്സിലുള്ള ഒരു റെസ്റ്റോറന്റിലെ ഷെഫ് ആയിരുന്നു ജോർജ്ജ് ക്രം. ഒരിക്കൽ ഉരുള ക്കിഴങ്ങ് വറുത്തത് കഴിക്കാൻ ഒരു വിദ്വാൻ റെസ്റ്റോറന്റിലെത്തി. 'ഈ ചിപ്സിന് കനം ഇത്തിരി കൂടിപ്പോയല്ലോ!' അയാൾ പരാതി പറഞ്ഞു. ജോർജ് പലതവണ കനം കുറച്ച് വറുത്തുകൊടു ത്തെങ്കിലും അയാൾക്ക് തൃപ്തിയായില്ല. 'ഇയാളെ അങ്ങനെ വിട്ടാൽ പറ്റി ല്ലല്ലോ' എന്നു ചിന്തിച്ച ജോർജ് ഒടുവിൽ ഉരുള ക്കിഴങ്ങ് വളരെ നേർത്ത പാളികളായി അരിഞ്ഞു. ഫോർക്ക് കൊണ്ട് കു ത്തിയെടുക്കാൻ പോലും കഴിയാത്തത്ര കനം കുറച്ചാ ണ് ജോർജ് ഉരുളക്കിഴങ്ങ് അരിഞ്ഞത്. എന്നിട്ടത് കെറ്റിലിലെ എണ്ണയിൽ മൊരിച്ച് വറു ത്തെടുത്തു. ധാരാളം ഉപ്പും വിതറി ഉപഭോക്താവിനു നൽകി. ആ സവി ശേഷ വിഭവം അയാൾക്ക് കഴിക്കാൻ കഴിയില്ലെന്നായിരുന്നു ജോർജ്ജ് കരുതിയത്. എന്നാൽ, അത്ഭുതമെ ന്നു പറയാം, ആ ഉപഭോക്താവിനത് അത്യധികം ഇഷ്ടപ്പെട്ടു. അദ്ദേഹമത് ആസ്വദിച്ചു കഴിക്കുകയും കൂടുതൽ





ഓർഡർ ചെയ്യുകയും ചെയ്തു. താമസിയാതെ, 'സാരറ്റോഗ ചിപ്സ്' എന്ന പേരിൽ ഈ വിഭവം ലോകമാ കെ പ്രചരിച്ചു. അതോടെ, വിവിധ തരത്തിലുള്ള 'പൊട്ടാറ്റോ ചിപ്സ്' വിപണിയിലെത്തിത്തുടങ്ങി.

സിംപിൾ ക്രാഫ്റ്റ്

# അനിമോമീറ്റർ നിർമിക്കാം

**കാ**റ്റിന്റെ ദിശയും വേഗതയും അളക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് അനിമോമീറ്റർ. കാലാവസ്ഥ നിരീക്ഷകരും നാവികരും എൻജിനീയർമാരുമെല്ലാം ഈ ഉപകരണം ഉപയോഗിക്കാറുണ്ട്. നമുക്കൊരു കൊച്ചു അനിമോമീറ്റർ നിർമിച്ചാലോ?

**ആവശ്യമായ വസ്തുക്കൾ:** 1. 4 പ്ലാസ്റ്റിക് കപ്പുകൾ, 2. മൂർച്ചയുള്ള ഒരു പെൻസിൽ, 3. രണ്ട് കാർഡ്ബോർഡ് കഷ്ണങ്ങൾ (3 സെ.മീ വീതിയും 20 സെ.മീ നീളവുമുള്ളത്)

**നിർമിക്കേണ്ട വിധം:**

കാർബോർഡ് കഷ്ണങ്ങൾ ‘പ്ലസ്’ ആകൃതിയിൽ വെച്ച് പിൻ ചെയ്യുക. അതിന്റെ ഒത്ത നടുവിൽ കോമ്പസോ മറ്റോ ഉപയോഗിച്ച് ഒരു ചെറിയ തുളയുണ്ടാക്കുക. കാർബോർഡിന്റെ അറ്റങ്ങളിൽ നാലു കപ്പുകളിൽ ഓരോന്ന് വീതം വായ്ഭാഗം ഒരേ ദിശയിലേക്ക് വരുന്ന രീതിയിൽ പിൻ ചെയ്തു വെക്കുക. കാർഡ്ബോർഡിന്റെ നടുവിലുള്ള തുളയിൽ വെച്ച് പെൻസിലിന്റെ മൂർച്ചയുള്ള അറ്റത്തിൽ നിർത്തുക. ശേഷം, കാറ്റു വീശുന്നയിടത്ത് അനിമോമീറ്റർ സ്ഥാപിക്കുക. കാറ്റിന്റെ വേഗതക്കനുസരിച്ച് അനിമോമീറ്റർ കറങ്ങുന്നതു കാണാം.



## ക്വിസ്
## ആനുകാലികം പൊതുവിജ്ഞാനം

1. പോർച്ചുഗൽ പ്രസിഡന്റ് ഇലക്ഷനിൽ വിജയിച്ച സോഷ്യലിസ്റ്റ് നേതാവ്?

2. 2025-26 സീസണിലെ രഞ്ജിട്രോഫി ജേതാക്കൾ?

3. ബംഗ്ലാദേശിന്റെ പുതിയ പ്രധാനമന്ത്രി?

4. 2026 ലെ ഐ.സി.സി ടി20 ലോകകപ്പ് ജേതാക്കൾ?

5. ടി20 ലോകകപ്പിൽ ടൂർണമെന്റിലെ താരമായി തെരഞ്ഞെടുക്കപ്പെട്ടതാര്?

6. സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസിയായ ഇ-റുപ്പി ഉപയോഗിച്ച് റേഷൻ വിതരണം നടത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ച സംസ്ഥാനം?

7. ഇന്ത്യയിലെ ആദ്യ സ്വകാര്യ ആണവോർജ കമ്പനി?

8. കേരള ശാസ്ത്ര പുരസ്കാരത്തിന് അർഹയായ വനിത?

9. 2030 ൽ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന കോമൺവെൽത്ത് ഗെയിംസിന്റെ നിർവഹണ ഏജൻസി അധ്യക്ഷ?

10. പരിസ്ഥിതി ശാസ്ത്രജ്ഞനും പശ്ചിമഘട്ട സംരക്ഷണത്തിന്റെ ശില്പിയുമായിരുന്ന മാധവ് ഗാഡ്ഗിൽ അന്തരിച്ചതെന്ന്?

11. ആധാറിന്റെ പുതിയ ഔദ്യോഗിക ചിഹ്നം?

12. കേരളത്തിലെ ആദ്യ കയർ ഫാക്ടറി സ്ഥാപിതമായത് ഏത് ജില്ലയിൽ?

13. വനിതാ പ്രീമിയർ ലീഗ് ടി20 ക്രിക്കറ്റ് ജേതാക്കൾ?

14. ദേശീയ ശാസ്ത്ര ദിനം എന്ന്?

15. 2027 ലെ എ ഐ സമ്മിറ്റിനു വേദിയാകുന്ന രാജ്യം?

16. ശ്വാസകോശത്തെ പൊതിഞ്ഞ സംരക്ഷിക്കുന്ന ആവ





1. ആന്റോണിയോ സെഗൂറ, 2.താരിഖ് റഹ്മാൻ, 3.സഞ്ജു സാംസൺ, 4. ഖാലിദ സിയ, 5. സച്ചിൻ ബേബി

രണം?

17. ഒഎൻവി കുറുപ്പിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി?

18. ബ്ലാക്ക് വാട്ടർ ഫീവർ എന്നറിയപ്പെടുന്ന രോഗം?

19. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി?

20. ഐക്യരാഷ്ട്ര സംഘടനയുടെ പരമോന്നത പരിസ്ഥിതി അംഗീകാരമായ 2025ലെ 'ചാമ്പ്യൻസ് ഓഫ് ദി എർത്ത്' അവാർഡ് നേടിയ ഇന്ത്യക്കാരി?

21. 2025 ഡിസംബറിൽ അന്തരിച്ച ബംഗ്ലാദേശിന്റെ ആദ്യ വനിതാ പ്രധാനമന്ത്രി?

22. മെഗാ ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിൽ 2025ലെ നാഷണൽ പ്രോജക്ട് എക്സലൻസ് അവാർഡ് സ്വന്തമാക്കിയ തുറമുഖം?




23. മണ്ണിനെക്കുറിച്ചുള്ള പഠനം?

24. രോഗങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത്?

25. രഞ്ജി ട്രോഫി ക്രിക്കറ്റിൽ 6000 റൺസ് നേടുന്ന ആദ്യ കേരളതാരം?

**ഉത്തരങ്ങൾ**

**ഉത്തരങ്ങൾ**: 1. ആന്റോണിയോ സെഗൂറ, 2. ജമ്മു കാശ്മീർ, 3. താരിഖ് റഹ്മാൻ, 4. ഇന്ത്യ, 5. സഞ്ജു സാംസൺ, 6. ഗുജറാത്ത്, 7. അദാനി ആറ്റമിക് എനർജി ലിമിറ്റഡ്, 8. ടെസി തോമസ്, 9. പി.ടി ഉഷ, 10. 2026 ജനുവരി 7, 11. ഉദയ്, 12. ആലപ്പുഴ, 13. റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, 14. ഫെബ്രുവരി 28, 15. സ്വിറ്റ്സർലന്റ്, 16. പ്ലൂറ, 17. ഉപ്പ്, 18. മലേറിയ, 19. സ്റ്റേപ്പിസ്, 20. സുപ്രിയ സാഹു, 21. ഖാലിദ സിയ, 22. വിഴിഞ്ഞം, 23. പെഡോളജി, 24. ക്ഷയരോഗം, 25. സച്ചിൻ ബേബി

# Current Affairs

## ഇന്ത്യ ചാമ്പ്യൻസ്

ഐസിസി ടി20 ലോകകപ്പിലും അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പിലും ടീം ഇന്ത്യ കിരീടം ചൂടി. സിംബാബ്‌വെയിലെ ഹരാരെയിൽ നടന്ന അണ്ടർ 19 ഏകദിന ക്രിക്കറ്റ് ഫൈനലിൽ ഇംഗ്ലണ്ടിനെ 100 റൺസിനു പരാജയപ്പെടുത്തിയാണ് ഇന്ത്യ ആറാമത്തെ അണ്ടർ-19 ലോകകിരീടം നേടിയത്. ഫൈനലിലെ പ്ലെയർ ഓഫ് ദ് മാച്ചും പ്ലെയർ ഓഫ് ദ് ടൂർണമെന്റുമായി ഇന്ത്യയുടെ വൈഭവ് സൂര്യവംശിയെ തെരഞ്ഞെടുത്തു. അഹമ്മദാബാദിൽ നടന്ന ടി20 ലോകക്കപ്പ് ഫൈനലിൽ ന്യൂസിലാന്റിനെ 96 റൺസിന് പരാജയപ്പെടുത്തി ആതിഥേയരായ ഇന്ത്യ ജേതാക്കളായി. മലയാളിതാരം സഞ്ജു സാംസൺ ടൂർണമെന്റിലെ താരമായി.

## ഇറാൻ ആക്രമണം

ആണവകരാർ സംബന്ധിച്ച് മധ്യസ്ഥ ചർച്ച പരാജയപ്പെട്ടതിനു പിന്നാലെ ഫെബ്രുവരി 28ന് ഇറാനെതിരെ യുഎസും ഇസ്രയേലും സംയുക്ത ആക്രമണം ആരംഭിച്ചു. 'ഓപ്പറേഷൻ എപ്പിക് ഫ്യൂറി' എന്നും 'ഓപ്പറേഷൻ റോറിംഗ് ലയൺ' എന്നുമാണ് യുഎസ് ഇസ്രയേൽ ആക്രമണദൗത്യങ്ങളുടെ പേരുകൾ. ആക്രമണത്തിൽ ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ല അലി ഖംനഈ ഉൾപ്പെടെ നിരവധി നേതാക്കൾ കൊല്ലപ്പെട്ടു.

## രഞ്ജിയിൽ ജമ്മു

2025-26 സീസണിലെ രഞ്ജിട്രോഫി ക്രിക്കറ്റ് കിരീടം ജമ്മുകശ്മീർ നേടി. ഫൈനലിൽ കർണാടകയെ പരാജയപ്പെടുത്തിയാണു പരസ് ദോഗ്ര നായകനായ കശ്മീർ ജേതാക്കളായത്. രഞ്ജിട്രോഫിയിൽ ജമ്മുകശ്മീരിന്റെ ആദ്യ കിരീടനേട്ടമാണിത്.

## താരിഖ് റഹ്മാൻ

ബംഗ്ലദേശിന്റെ പുതിയ പ്രധാനമന്ത്രിയായി ബംഗ്ലദേശ് നാഷനലിസ്റ്റ് പാർട്ടി അധ്യക്ഷൻ താരിഖ് റഹ്മാൻ അധികാരമേറ്റു. പ്രതിപക്ഷത്തായിരുന്ന ബംഗ്ലദേശ് നാഷനലിസ്റ്റ് പാർട്ടി പൊതുതിരഞ്ഞെടുപ്പിൽ വൻവിജയം നേടിയാണ് അധികാരത്തിൽ തിരിച്ചെത്തിയത്. മുൻപ്രസിഡന്റ് സിയാവുർറഹ്മാന്റെയും മുൻപ്രധാനമന്ത്രി ഖാലിദസിയയുടെയും മകനാണ് താരിഖ്.

## ആർആർടിഎസ്

ഇന്ത്യയിലെ ആദ്യ റീജനൽ റാപിഡ് ട്രാൻസിസ്റ്റ് സിസ്റ്റം (ആർആർടിഎസ്) ഗതാഗത സംവിധാനമായ നമോഭാരത് ട്രെയിൻ സർവീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഡൽഹിയെയും ഉത്തർപ്രദേശിലെ മീററ്റിനെയും ബന്ധിപ്പിച്ചാണ് ആദ്യ ആർആർടിഎസ് സർവീസ്.



# ഹോജ


ഹോജയും കൂട്ടുകാരും ചായക്കടയിൽ,
സൂര്യനാണോ ചന്ദ്രനാണോ നമുക്ക് കൂടുതൽ പ്രയോജനം?


സംശയമെന്താ, സൂര്യൻ തന്നെ!
ഹേയ്, ചന്ദ്രനാണ് കൂടുതൽ പ്രയോജനം.
ങേ? അതെങ്ങനെ?
രാത്രി ഇരുട്ടാകുമ്പോഴല്ലേ നമുക്ക് വെളിച്ചം ആവശ്യമുള്ളത്?

നോവൽ – 30

**മുജ്തബ നസ്വീഹ്**

# ഐസിയുവിലെ രോഗി

# അബൂട്ടി

**അ**ബൂട്ടി നല്ല തിരക്കിലാണ്. ഇപ്പോൾ പഠിക്കാൻ ഒത്തിരിയുണ്ട്. ലൈബ്രറിയിൽ ചെന്നിരുന്ന് ദീർഘനേരം റഫർ ചെയ്യണം. പിന്നെ ക്ലാസിലിരിക്കണം. ഒപ്പം ഉസ്താദിനടുത്തു ചെന്ന് കിതാബോതണം.

ഹോസ്റ്റലിൽ കൂട്ടുകാർ അബൂട്ടി വരുന്നത് കാത്തിരിക്കുന്നുണ്ടാവും പല സംശയങ്ങളും ചോദിക്കാൻ. അവരുടെ കൂട്ടത്തിൽ അവനാണല്ലോ പഠിപ്പിസ്റ്റ്. ലൈബ്രറിയിൽ ചെന്നിരുന്ന് റഫർ ചെയ്യാനൊന്നും അവർക്ക് കഴിയില്ല. അബൂട്ടി ശേഖരിച്ചുകൊണ്ടുവരുന്ന അറിവുകൾ പങ്കുവെച്ചു കിട്ടാനാണവർ ശ്രമിക്കുക. അതെല്ലാം പങ്കുവെക്കുന്നതിൽ അബൂട്ടിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. കൊടുത്താൽ കൂടിക്കൊണ്ടിരിക്കുന്നതാണല്ലോ അറിവ് എന്ന സമ്പത്ത്.

പഠനവും മറ്റും കഴിഞ്ഞ് ഉറങ്ങാൻ കിടക്കുമ്പോൾ ഏറെ വൈകിയിട്ടുണ്ടാവും. ഉറക്കത്തിൽ മിക്ക ദിവസങ്ങളിലും ഉപ്പ വരും. 'അബൂട്ടി മോനേ' എന്ന് വിളിക്കും. അപ്പോൾ അവൻ ഒരു കുട്ടിയാവും. ഉപ്പയുടെ മടിയിൽ കയറിയിരുന്നു കുസൃതികൾ കാണിക്കും. ഉപ്പ അവനെ ഉപദേശിക്കും: 'ന്റെ അബൂട്ടിമോൻ പഠിച്ചുപഠിച്ചു വല്യ ആളാവണം. ഉമ്മയെ നല്ലോണം നോക്കണം. ഉപ്പാക്കു വേണ്ടി ദുആയിരക്കണം.'

ഇടയ്ക്കിടെ ഉമ്മയെ കാണാൻ പോകാറുണ്ട്. ഉമ്മയും വരും സ്വപ്നത്തിൽ.



വും യാസീനോതി
ഉപ്പാക്ക് ഹദ്‌യ
ചെയ്യാൻ അവൻ
മറക്കാറില്ല.

*** *** ***

കാഷ്വാലിറ്റി
യിലെ ഡ്യൂട്ടി
ക്കിടയിലാണ്
ചീറിപ്പറന്നു
വന്ന ആം
ബുലൻസിൽ
നിന്ന് ഒരു രോ
ഗിയെ കുറെ
പേർ സ്ട്രക്ച
റിൽ കൊണ്ടുവ
രുന്നത് അബൂട്ടി
ശ്രദ്ധിച്ചത്. ഓക്
സിജൻ കൊടുത്തു
കൊണ്ടിരിക്കുന്നു
ണ്ട്. ഹാർട്ടറ്റാക്ക്
കേസാണെന്ന്
ആരോ പറയുന്ന
തു കേട്ടു. ഇവിടെ
അത്തരം കേസുകൾ
സാധാരണമാണല്ലോ. മറ്റേ
തോ ഹോസ്പിറ്റലിൽ നിന്ന്
റഫർചെയ്തയച്ചതാണ്;
പെട്ടെന്നുള്ള പരിഗണന ശി
പാർശയോടെ.

വിദഗ്ധ ഡോക്ടർമാർ രോ
ഗിയെ പരിശോധിക്കുവാൻ
തുടങ്ങി. അബൂട്ടി അടുത്തു
ചെന്നു നോക്കി. മുഖത്ത്

ഉറക്കിൽ അധികവും അവൻ
ഉമ്മയോടും ഉപ്പയോടുമൊ
ത്തായിരിക്കും. അവൻ മന
സ്സിലാക്കിയിട്ടുണ്ട്; ഇങ്ങനെ
അവരെ സ്വപ്നം കാണാൻ
കഴിയുന്നത് അവർ സദാ
മനസ്സിൽ നിറഞ്ഞുനിൽക്കു
ന്നതുകൊണ്ടാണെന്ന്. ഏത്
തിരക്കിനിടയിലും ദിവസ

ട്യൂബുകൾ ഘടിപ്പിച്ചതു കൊണ്ട് മുഖം ക്ലിയറാകുന്നില്ല. എങ്കിലും എവിടെയോ കണ്ടപോലെ! രോഗിയുടെ തലമുടിയും നെറ്റിയിലെ മുറിവിന്റെ പാടും ശ്രദ്ധിച്ചപ്പോൾ ഒന്ന് ഞെട്ടി. സംശയം തീർക്കാൻ കൂടെയുള്ളവരെ നോക്കി. അവരെ ആരെയും പരിചയമില്ല. പിന്നാലെ കരഞ്ഞുകൊണ്ടു വരുന്ന സ്ത്രീയെ കണ്ടപ്പോൾ വ്യക്തമായി; അതേ, മാമൻ തന്നെ!



പിന്നെ താമസിച്ചില്ല; പ്രൊഫസറുടെ അടുത്തേക്ക് ചെന്നു മെല്ലെ പറഞ്ഞു: ‘സർ, മാമനാണ്.’

പ്രൊഫസറുടെ മുഖത്ത് ഗൗരവം പ്രകടമായി. വീണ്ടും രോഗിയുടെ അടുത്ത് ചെന്നു വിശദമായി പരിശോധിച്ചു. എന്നിട്ട് മെല്ലെപറഞ്ഞു: ‘സീരിയസാണ്. സമാധാനിക്ക്, നമുക്ക് നോക്കാം.’

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ഐസിയുവിലേക്കു മാറ്റി. പെട്ടെന്നു തന്നെ സർജറി വേണം. കൂടെയുള്ളവരെ വിവരമറിയിച്ചപ്പോൾ ആകെ വെപ്രാളം. അബൂട്ടി ചെന്ന് അവരെ സമാധാനിപ്പിച്ചു. പേടിക്കാൻ ഒന്നുമില്ല. വേണ്ടിവന്നാൽ രക്തം കൊടുക്കേണ്ടിവരും. അതി

നു രണ്ടാളെ വേണം. ഒരാൾ ഇവിടെയുണ്ട്. ഒരാളെക്കൂടി കണ്ടെത്തിയാൽ മതി.

ചെറിയ ഡോക്ടറുടെ വാക്കുകൾ കേട്ടപ്പോൾ കൂടെയുള്ളവർക്ക് ആശ്വാസം. അവർ പരസ്പരം ചോദിക്കുന്നതു കേട്ടു: 'ഈ ഡോക്ടർക്ക് നമ്മെ പരിചയമുണ്ടോ?' ഒരാൾ ആ സ്ത്രീയുടെ അടുക്കൽ ചെന്ന് തന്നെ ചൂണ്ടി എന്തോ പറയുന്നതു കണ്ടപ്പോൾ അബൂട്ടി മുഖം തിരിച്ചു. വേണ്ട, ഇപ്പോൾ തിരിച്ചറിയേണ്ട. ഇതിനൊരു സമയം പിന്നീടുണ്ടായേക്കാം.

അബൂട്ടിക്ക് പിന്നെ വിശ്രമമില്ലായിരുന്നു. പല ആവശ്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടുമോടി ആകെ തളർന്നു. അപ്പോഴൊക്കെയും മനസ്സിൽ സംഘർഷമായിരുന്നു: 'വേണോ? ഇത്രയും പ്രയാസപ്പെടണോ? ഒരുപാട് കഷ്ടപ്പെടുത്തിയയാളല്ലേ? പഠനം മുടക്കാൻ ശ്രമിച്ച മനുഷ്യനല്ലേ? വീട്ടിൽ നിന്ന് ആട്ടിയിറക്കിയവരല്ലേ? അയാളോട് ഇത്ര ദയ കാണിക്കണോ?'

അപ്പോഴൊക്കെയും മനസ്സ് പറഞ്ഞു: 'അബൂട്ടീ, നീ നിന്റെ കടമ നിറവേറ്റണം. നീയൊരു ഡോക്ടറാണ്. എന്തു തന്നെയായാലും അദ്ദേഹം നിന്റെ മാമനല്ലേ? കടമ നിറവേറ്റാൻ കിട്ടിയ അവസരമാണിത്. മധുരപ്രതികാരത്തിനുള്ള അവസരവുമാണ്. ആ ജീവൻ രക്ഷപ്പെടുത്താൻ വേണ്ടതൊക്കെ ചെയ്യണം.'

അബൂട്ടിയുടെ പാരവശ്യവും ഓട്ടവും കണ്ടു പലരും ചോദിച്ചു: 'ആരാണ് ഐസിയുവിലുള്ളത്?'

'എന്റെ ഒരു ബന്ധുവാണ്' എന്നു മാത്രം പറഞ്ഞ് അവൻ ഒഴിഞ്ഞു. ആരെങ്കിലും മനസ്സിലാക്കി വെളിപ്പെടുത്തുന്നതു വരെ അതൊരു രഹസ്യമായിരിക്കട്ടെ എന്നായിരുന്നു അവന്റെ വിചാരം.

മണിക്കൂറുകൾ നീണ്ട സർജറിക്കു ശേഷം പ്രൊഫസർ അബൂട്ടിയെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു: 'സർജറി വിജയമാണ്. ഇനി എല്ലാം ദൈവനിശ്ചയം.' അബൂട്ടി ആശ്വാസത്തിന്റെ നെടുവീർപ്പയച്ചു. രോഗികളുടെ ബന്ധുക്കൾ കാത്തിരിക്കുന്നിടത്തേക്ക് വിവരമറിയിക്കാനായി നടന്നു.

(തുടരും)

അൻവർ കാരേപറമ്പ്


# സമ്പന്ന ദരിദ്രയാകുന്നു

**ഖ**ദീജ സമ്പന്നയാണ്. മക്കയിലെ ഏറ്റവും വലിയ പണക്കാരി. വലിയ കച്ചവടക്കാരി. അൽഅമീനാവട്ടെ, ദരിദ്രനാണ്. പ്രിയതമനെ പലരും ദരിദ്രനെന്നു വിളിച്ച് കളിയാക്കുന്ന വിവരം ഖദീജയറിഞ്ഞു. ഖദീജക്കത് സഹിച്ചില്ല. അൽഅമീനെ പരിഹസിക്കാൻ ആരെയും അനുവദിച്ചു കൂടാ. എന്റെ പ്രിയതമനെന്നു മാത്രമല്ല, ലോകത്തിന്റെ നേതാവു



കൂടിയാണ് അൽഅമീൻ. അതിനു പരിഹാരമുണ്ടാക്കാനായി ഖദീജ നാട്ടിലെ പ്രമാണിമാരെയും പണക്കാരെയുമെല്ലാം വിരുന്നിനു ക്ഷണിച്ചു. ഉഗ്രൻ സദ്യ വിളമ്പി. അവരെല്ലാം വയറു നിറയെ സദ്യകഴിച്ചിരിക്കുമ്പോൾ ഖദീജ ഉറക്കെ വിളിച്ചുപറഞ്ഞു:

‘എനിക്ക് കണക്കില്ലാത്തത്ര സമ്പത്തുണ്ടെന്നത് നിങ്ങൾക്കറിയാമല്ലോ?’ ഖദീജയുടെ ശബ്ദം കേട്ട് എല്ലാവരും നിശ്ശബ്ദരായി. അതിലാർക്കും തർക്കമില്ല, മക്കയിലെ വലിയ സമ്പന്ന തന്നെ! എന്താണ് ഈ ചോദ്യത്തിന്റെ ഉദ്ദേശ്യം? സദസ്സ് ഒന്നടങ്കം കാതു കൂർപ്പിച്ചു. ഖദീജ തുടർന്നു: ‘നിങ്ങളുടെയെല്ലാം സമ്പത്തിന്റെ ഇരട്ടി വരും എന്റെ സമ്പത്ത്. അതു മുഴുവൻ ഞാൻ എന്റെ




പ്രിയതമന് സമ്മാനിക്കുന്നു! ഇനിയൊരിക്കലും അൽഅമീൻ ദരിദ്രനല്ല. നിങ്ങളെക്കാൾ സമ്പന്നനാണ്! സമ്പന്നയായ ഖദീജ ഒരു ദരിദ്രനെ വിവാഹം ചെയ്തുവെന്ന് ഇനിയാരും പറയരുത്. പകരം, സമ്പന്നനായ അൽഅമീൻ ദരിദ്രയായ ഖദീജയുടെ ഭർത്താമാണെന്ന് പറഞ്ഞോളൂ!'

കൂടിനിന്ന പ്രമാണിമാരുടെയെല്ലാം കണ്ണു തള്ളി. ഇതെന്തൊരു പെണ്ണാണ്! എല്ലാ സമ്പത്തും ഒരാൾക്കു വെറുതെ കൊടുക്കുകയോ? അതും അളവറ്റ സമ്പത്ത്! അവർ ആശ്ചര്യംകൊണ്ട് മൂക്കത്ത് വിരൽ വെച്ചുപോയി. അപ്രതീക്ഷിതമായ ഈ പ്രഖ്യാപനം അൽഅമീനെയും അമ്പരപ്പിച്ചിരുന്നു. ദരിദ്രനെന്ന വിളി കേൾക്കുന്നതിൽ ആരോടും ഇതുവരെ പരിഭവം പറഞ്ഞിട്ടില്ല. എന്നിട്ടും അവർ എന്റെ മനസ്സറിഞ്ഞിരിക്കുന്നു! 'നാഥാ, എത്ര മഹത്വമുള്ള ഭാര്യയെയാണ് എനിക്കു നീ നൽകിയിരിക്കുന്നത്!' അൽഅമീൻ അല്ലാഹുവിനെ സ്തുതിച്ചു.

ജീവിതം സന്തോഷനിർഭരമാകാൻ നല്ല ഭാര്യ വേണം. ഖദീജയുടെ മനസ്സിന്റെ സംശുദ്ധി എത്ര മഹത്തരം! അൽഅമീൻ ഖദീജയുടെ ജീവിതപങ്കാളിയായി. രണ്ടാത്മാക്കൾ, രണ്ട് ശരീരങ്ങൾ, രണ്ട് കുടുംബങ്ങൾ ഒന്നിക്കുന്നു. അന്ത്യപ്രവാചകരെ സ്വന്തമാക്കിയ ഖദീജ കൂടുതൽ സന്തോഷവതിയായി. ഖദീജക്ക് എല്ലാം അൽഅമീനായിരുന്നു. മികച്ച സ്നേഹവും പരിചരണവും നൽകി. ഖദീജയെ അതിരറ്റ് സ്നേഹിച്ച് അൽഅമീനും. സ്നേഹം നി

# കുരുവിയോട്

പൂന്തേൻ നുകരും
പൊൻകുരുവീ,
കൂട്ടിനു നീയും
പോരുന്നോ?

കുന്നിൻചരുവിൻ
പുൽമേട്ടിൽ
ആടിനെ മേയ്ക്കാൻ
പോരുന്നോ?



തെളിനീരൊഴുകും
പുഴയോരത്തെ
കാഴ്ചകൾ കാണാൻ
പോരുന്നോ?

ആനപ്പുഴയ്ക്കൽ അനിൽ

റഞ്ഞ ദാമ്പത്യജീവിതം.

സന്തോഷം നിറഞ്ഞ ആ ദാമ്പത്യവല്ലരിയിൽ പൂക്കൾ വിരിഞ്ഞു. അൽഅമീനും ഖദീജക്കും സന്തോഷത്തിന്റെ നാളുകൾ. സ്നേഹം കരകവിഞ്ഞൊഴുകുന്ന വീട്. മടിയിൽ തലചായ്ച്ചു കിടക്കുന്ന അൽഅമീനെ നോക്കി ഖദീജ പഴയ സ്വപ്നമോർക്കും. സൂര്യശോഭയാർന്ന ആ മുഖം നോക്കി മനസ്സിൽ ഉരുവിടും: 'ഞാൻ അന്ത്യപ്രവാചരുടെ ഭാര്യയാണ്. ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവതി!'

അൽഅമീനെ പരിചരിക്കുന്നതാണ് ഖദീജക്ക് ഏറെ ഇഷ്ടം. പ്രിയതമന്റെ ആവശ്യങ്ങളെല്ലാം ഖദീജ കണ്ടറിഞ്ഞ് നിറവേറ്റി. അൽഅമീന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരി ആവോളം ആസ്വദിച്ചു. ആ ദാമ്പത്യവല്ലരിയിൽ പിന്നെയും നറുകുസുമങ്ങൾ മൊട്ടിട്ടു. ഖാസിം, സൈനബ്, റുഖിയ്യ, ഉമ്മുകുൽസൂം, ഫാത്വിമ, പിന്നെ അബ്ദുല്ലാഹ്. എന്നാൽ, രണ്ടാൺമക്കളും ചെറുപ്പത്തിലേ മരിച്ചുപോയി. ദുഃഖകരമെങ്കിലും, എല്ലാം അവർ പടച്ചറബ്ബിൽ ഭരമേൽപ്പിച്ചു ക്ഷമിച്ചു.

## അബൂബക്കർ സഅദി നെക്രാജെ

**സൂ**ഫികളിലെ സൂര്യ തേജസ്സായിരുന്നു ജുനൈദുൽ ബഗ്ദാദി(റ). ഒരിക്കൽ മഹാനവർകൾക്ക് ചെങ്കണ്ണ് ബാധിച്ചു. അദ്ദേഹം ഒരു വൈദ്യനെ സമീപിച്ചു കാര്യം പറഞ്ഞു. 'കണ്ണിൽ ജലമേൽക്കാതെ സൂക്ഷിക്കണം.' വൈദ്യൻ നിർദ്ദേശം നൽകി.

# ചെങ്കണ്ണ്

ഇനിയെങ്ങനെ വുളൂഅ് ചെയ്യുമെന്നാലോചിച്ച് ജുനൈദുൽ ബഗ്ദാദി(റ) ധർമ്മസങ്കടത്തിലായി. അടുത്ത നിസ്കാരത്തിന്റെ സമയമായപ്പോൾ മഹാനവർകൾ വെള്ളമുപയോഗിച്ച് നന്നായി വുളൂഅ് ചെയ്തു. വുളൂഇന്റെ വെള്ളം കണ്ണിൽ തട്ടിയപ്പോഴേക്കും ചെങ്കണ്ണ് രോഗം സുഖപ്പെട്ടു.

തൊട്ടടുത്ത ദിവസം വൈദ്യനെ കാണാൻ ചെന്നു. കണ്ണു പരിശോധിച്ച് അത്ഭുതത്തോടെ വൈദ്യൻ പറഞ്ഞു: 'അത്ഭുതം തന്നെ! കണ്ണിന്റെ രോഗം ഇത്രവേഗം സുഖപ്പെട്ടല്ലോ!'

ജുനൈദുൽ ബഗ്ദാദി സൗമ്യനായി മറുപടി നൽകി: 'അംഗസ്നാനത്തിന്റെ വെള്ളം കണ്ണിൽ തട്ടിയതോടെ രോഗം സുഖപ്പെട്ടു.' അതുകേട്ട് വൈദ്യൻ പ്രതികരിച്ചതിങ്ങനെ: 'സഹോദരാ, നിങ്ങളാണ് വൈദ്യൻ; ഞാനാണ് രോഗി. എന്റെ ഹൃദയത്തിലെ അവിശ്വാസത്തിന്റെയും അജ്ഞതയുടെയും തമസ്സിനെ തുടച്ചുകളഞ്ഞ നിങ്ങൾ തന്നെയാണ് യഥാർത്ഥ വൈദ്യൻ.'

അദ്ദേഹം വൈകാതെ സത്യസാക്ഷ്യം ചൊല്ലി ഇസ്‌ലാം സ്വീകരിച്ചു.




മുഹമ്മദ് ആദിൽ തിനൂർ

# ഇബ്നു ബത്തൂത്ത ലോകം ചുറ്റിയ സഞ്ചാരി

**ക്രി**സ്തുവർഷം 1304 ഫെബ്രുവരി 24 ന് മൊറോക്കോയിലെ ടാൻജിയർ നഗരത്തിലെ ഒരു സാധാരണ കുടുംബത്തിൽ ഒരു കുഞ്ഞ് ജനിച്ചു. സ്ഥലത്തെ പ്രശസ്തനായ ഖാളിയായിരുന്ന പിതാവ് അബ്ദുല്ല കുഞ്ഞിന് മുഹമ്മദ് എന്നു പേരിട്ടു. പിതാവിന്റെ പാത പിന്തുടർന്ന മുഹമ്മദ് ചെറുപ്പത്തിൽ തന്നെ ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയ മതവിജ്ഞാന ശാഖകളിൽ പ്രാവീണ്യം നേടി. ഇരുപത് വയസ്സായപ്പോഴേക്കും മാലികിമദ്ഹബിലെ മികച്ച നിയമപണ്ഡിതരിൽ ഒരാളായി അദ്ദേഹം മാറിക്കഴിഞ്ഞിരുന്നു.

ഇരുപത്തിയൊന്നാം വയസ്സിൽ മുഹമ്മദ് മക്കയിലേക്ക് ഹജ്ജും തുടർപഠനവും ലക്ഷ്യമാക്കി പുറപ്പെടാൻ ഉദ്ദേശിച്ചു. ഏകദേശം 6000 കിലോമീറ്റർ അകലെയുള്ള മക്കയിലേക്ക് ഒരു യാത്രാസംഘത്തോടൊപ്പം മകനെ വിടാൻ ഉമ്മയ്ക്ക് മനസ്സുവന്നില്ല. എങ്കിലും 'അല്ലാഹു അനുഗ്രഹിച്ചാൽ ഭയപ്പെടാനൊന്നുമില്ല' എന്ന മകന്റെ വാക്കുകളിൽ ആശ്വാസം കണ്ടെത്തിയ ഉമ്മ പ്രാർത്ഥനകളോടെ മകനെ യാത്രയാക്കി. ഹജ്ജ് കർമത്തിനു





ശേഷവും രാജ്യാതിർത്തികൾ ഭേദിച്ച് യാത്ര തുടർന്നു.

മൊറോക്കോയിൽ നിന്ന് തുടങ്ങിയ യാത്ര കരമാർഗവും കടൽമാർഗവുമായി മൂന്ന് വൻകരകളിലെ നാൽപ്പതോളം രാജ്യങ്ങളിലൂടെ കടന്നുപോയി. അറേബ്യ, ആഫ്രിക്ക, പേർഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച അദ്ദേഹം 1333 ൽ ഇന്ത്യയിലെത്തി. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ ഡൽഹി സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്ക് അദ്ദേഹത്തെ ഖാളിയായി നിയമിച്ചു. ക്രിസ്തുവർഷം 1342-43 കാലഘട്ടത്തിൽ അദ്ദേഹം കേരളത്തിലെ കോഴിക്കോട്ടെത്തി. അന്ന് കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി രാജാവിനെക്കുറിച്ചും ഇവിടത്തെ സാമൂഹിക വ്യവസ്ഥിതിയെക്കുറിച്ചും അദ്ദേഹം പഠനം നടത്തി. യൗവനത്തിൽ വീടുവിട്ടിറങ്ങിയ മുഹമ്മദ് മുപ്പതു വർഷത്തെ സുദീർഘമായ യാത്രകൾക്കു ശേഷമാണ് മാതൃദേശത്ത് തിരിച്ചെത്തിയത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒരു ലക്ഷത്തിലധികം കിലോമീറ്ററുകൾ സഞ്ചരിച്ച ഈ മഹാനാണ് ഇബ്നുബത്തൂത്ത എന്ന പേരിൽ പിന്നീട് പ്രസിദ്ധനായ മുസ്‌ലിം സഞ്ചാരി. ഇബ്നുബത്തൂത്തയുടെ യാത്രാനുഭവങ്ങൾ കോർത്തിണക്കിയ ചരിത്രഗ്രന്ഥമാണ് ‘കിതാബു രിഹ്‌ല.’ ലോകത്തിലെ പ്രമുഖ സർവ്വകലാശാലകളിൽ ഈ ഗ്രന്ഥം പഠിപ്പിക്കപ്പെടുന്നുണ്ട്. മൊറോക്കോയിലെ ടാൻജിയർ വിമാനത്താവളം ഇബ്നുബത്തൂത്തയുടെ പേരിലാണറിയപ്പെടുന്നത്. അദ്ദേഹത്തോടുള്ള ആദരസൂചകമായി നാമകരണം ചെയ്യപ്പെട്ട നിരവധി ഗ്രന്ഥപ്പുരകളും സാംസ്കാരിക കേന്ദ്രങ്ങളുമുണ്ട്. 1368-69 കാലയളവിൽ അദ്ദേഹം മരണപ്പെട്ടതായി കണക്കാക്കുന്നു.



മിസ്റ്റർ
മണ്ടപ്പൻ
മച്ചൂ, നല്ല ചൂടാണല്ലോ.
വേനൽ തുടങ്ങിയില്ലേ അണ്ണേ, ഇനി രണ്ടു മാസം ചൂടു തന്നെ!
നോക്ക് മച്ചൂ, പറമ്പിലെ ചക്കയും മാങ്ങയുമെല്ലാം കിളികളും അണ്ണാനും തിന്നു തീർക്കുന്നു.
നമുക്കും നാടൻ വിഭവങ്ങളിലേക്ക് മടങ്ങിയാലോ?
എന്നാൽ, ഇന്നത്തെ ഉച്ചയൂൺ നല്ല ചക്കപ്പുഴുക്കാക്കിയാലോ?
പാചകം ഞാൻ ഏറ്റു.


എന്നാൽ, വൈകണ്ട. പ്ലാവിൽ കയറുന്ന കാര്യം ഞാനേറ്റു.
മരം കയറാൻ അണ്ണൻ തന്നെ ബെസ്റ്റ്.
കാലം ഒരുപാടായി മരം കയറിയിട്ട്.
മരം കയറാൻ യന്ത്രമൊന്നും ഇല്ലേ അണ്ണേ?
റോബോട്ടുകൾ വരെ ഉണ്ടെന്നാണ് വിവരം.
മരം കയറാനല്ല; ഇറങ്ങാനാണ് പ്രയാസം.
അതിപ്പോൾ ആലോചിക്കേണ്ട. നല്ല മൂത്ത ചക്ക നോക്കി വലിച്ചോളൂ.



കുറച്ചു മാറി നിൽക്ക് മച്ചൂ. തലയിൽ വീ ണാൽ പണി പാളും.
ചക്ക വീഴുമ്പോൾ കൂടെ അണ്ണനും വീ ഴാതിരുന്നാൽ മതി.
ദാ പിടിച്ചോ, ഒന്ന്!
പ്ളക്!
ഹ! നല്ല ഒ ന്നാം തരം പഴഞ്ചക്ക!
എന്നാലിതാ, അടുത്തത്.
മുഴുത്ത ചക്ക താഴേക്ക്!
പ്ധും!!


ഇതുകൊള്ളാം അണ്ണേ. നല്ല മു ഴുത്ത ചക്ക.
ഇറങ്ങുന്നത് ആ ലോചിക്കു മ്പോൾ തല കറ ങ്ങുന്ന പോലെ!
അണ്ണനിറങ്ങി വ രുമ്പോഴേക്ക് ഞാ നിത് പുഴുക്കാ ക്കി വെക്കാം.
ചക്ക കിട്ടിയ പ്പോൾ മച്ചു അ ണ്ണനെ മറന്നല്ലോ.
വാലപ്പൻ അടുക്കളയിൽ,
ഹാ! എന്താ മണം!
ഹാവൂ, ഒരു വി ധം താഴെയെ ത്തി.


ക്ഷീണം മാറാൻ മാക്രിക്കുളത്തിൽ പോയി ഒന്നു മുങ്ങി വരാം.
മണ്ടപ്പൻ കുളക്കരയിൽ,
അവധിക്കാലമായതുകൊണ്ട് കുളത്തിൽ കുട്ടികളുടെ കൂത്താണ്.
പെട്ടെന്ന്,
ഹയ്യോ, രക്ഷിക്കണേ...
ങേ? ഉടൻ വല്ലതും ചെയ്തേ പറ്റൂ...
കുളത്തിലേക്ക് മണ്ടപ്പന്റെ ഡൈവിംഗ്...
വൈകാതെ,
ഹാവൂ, ഒരുവിധം രക്ഷപ്പെട്ടു.
ങീ.. ങീ..



നാട്ടുകാർ സ്ഥലത്ത്,
മണ്ടപ്പന്റെ സർജിക്കൽ ഡൈവാണ് എന്റെ കുഞ്ഞിന്റെ ജീവൻ രക്ഷിച്ചത്.
കുട്ടികളെ ശ്രദ്ധിച്ചില്ലെങ്കിൽ അപകടമാണ് കേട്ടോ.
തത്സമയം അടുക്കളയിൽ,
അണ്ണനിപ്പോഴും പ്ലാവിൽനിന്ന് താഴെയിറങ്ങിയില്ലേ?
ഹാവൂ, മരത്തിൽ കയറി കുളത്തിൽ മുങ്ങി ഞാൻ ഒരുവിധം പുഴുക്കായി.
തത്സമയം റോഡിലൂടെ,
മാക്രിക്കുളത്തിൽ നിന്ന് ഒരു കുഞ്ഞിന്റെ വിലപ്പെട്ട ജീവൻ രക്ഷിച്ച മണ്ടപ്പൻ സാറിന് പൗരാവലി ഒരുക്കുന്ന അനുമോദന സംഗമം...
ങ്ഹേ? അതെപ്പോൾ?

**അജി മേലേടത്ത്**

# മടിയന്റെ ചങ്ങാതി

**ബാ**ഗ്ദാദിലെ പ്രസിദ്ധ വ്യാപാരിയായിരുന്നു ഹബീബ് പാഷ. കച്ചവടച്ചരക്കുകൾ ചുമക്കാൻ അദ്ദേഹത്തിന് നാല് കഴുതകളുണ്ടായിരുന്നു. അവയിൽ മൂന്നെണ്ണം മിടുക്കരും അധ്വാനശീലരുമായിരുന്നു. നാലാമനാകട്ടെ, മഹാമടിയനും വഴക്കാളിയും. ജോലിയൊന്നും ചെയ്യാതെ തരം കിട്ടുമ്പോഴെല്ലാം മറ്റു കഴുതകളെ ഉപദ്രവിക്കുക എന്നതായിരുന്നു അവന്റെ വിനോദം.

ഒരിക്കൽ പാഷയുടെ മിടുക്കൻ കഴുതകളിൽ ഒന്ന് ചത്തുപോയി. പകരം, മറ്റൊരു കുതിരയെ വാങ്ങാൻ അദ്ദേഹം ചന്തയിലെത്തി.

നല്ലൊരു കഴുതയെ പാഷ തെരഞ്ഞെടുത്തു. കഴുതയുടെ സ്വഭാവം മനസ്സിലാക്കാൻ ഒരാഴ്ച്ച സമയം വേണമെന്ന് പാഷ കച്ചവടക്കാരനോടാവശ്യപ്പെട്ടു. കച്ചവടക്കാരൻ സമ്മതിച്ചു.



വീട്ടിലെത്തിയ പാഷ പുതിയ കഴുതയെ മറ്റു കഴുതകളുടെ ഇട



യിലേക്ക് വിട്ട് അല്പമക ലെ മാറിനിന്ന് നിരീക്ഷി ച്ചു. അധ്വാനശീലരായ കഴുതകൾ അവിടെ തീറ്റ യെടുക്കുകയായിരുന്നു.

മടിയൻ കഴുതയാവട്ടെ, പതിവുപോലെ ഒരു മരച്ചു വട്ടിൽ വെറുതെ നിൽക്കു ന്നുമുണ്ട്.

പുതിയ കഴുത മി ടുക്കൻ കഴുതയെ ശ്രദ്ധി ക്കാതെ നേരെ മടിയൻക ഴുതയുടെ അടുത്തെത്തി. വൈകാതെ അവർ ഉറ്റ ചങ്ങാതിമാരായി.


ഇതുകണ്ട ഹബീബ് പാഷ ഉടൻതന്നെ പുതിയ കഴുതയെ ചന്തയിൽ കൊ ണ്ടുപോയി കച്ചവടക്കാരന് തിരിച്ചുനൽകി.

‘ഈ കഴുതയെ എനിക്ക് വേണ്ട.’ പാഷ പറഞ്ഞു.

അത്ഭുതത്തോടെ കച്ച വടക്കാരൻ ചോദിച്ചു: ‘ഒരു ദിവസം പോലും തികയു ന്നതിനു മുമ്പ് നിങ്ങൾക്കെ ങ്ങനെ ഇവന്റെ സ്വഭാവം മനസ്സിലാക്കാൻ കഴി ഞ്ഞു?’

ഹബീബ് പാഷ ചിരിച്ചു കൊണ്ട് മറുപടി നൽകി: ‘അത് വളരെ എളുപ്പമാ യിരുന്നു. എന്റെ വീട്ടിലെ മടിയൻ കഴുതയെയാണ് ഇവൻ കൂട്ടുകാരനായി തെ രഞ്ഞെടുത്തത്. മടിയന്റെ ചങ്ങാതി മടിയൻ തന്നെ യായിരിക്കുമല്ലോ!’






## വഴി കാണിക്കാമോ?

കുട്ടുമുയലിന്
മുഴുത്ത ക്യാരറ്റ്
കഴിക്കാൻ മോഹം.
വഴി കണ്ടെത്താൻ
കൂട്ടുകാർ
സഹായിക്കാമോ?

## യോജിപ്പിക്കാം

താഴെ കൊടുത്തിരിക്കുന്ന കുരങ്ങന്മാരുടെ യഥാർത്ഥ നിഴൽ കണ്ടെത്തി യോജിപ്പിക്കൂ.



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?





## നിറം നൽകാം



# പദപ്രശ്നം 6

| | | | | | |
|---|---|---|---|---|---|
| 1 ഇ | 2 | | 3 കു | | |
| | | 7 | | | |
| | 6 | | | | 8 |
| 4 | | | | 9 ആ | |
| | 5 | | | | |

## വലത്തോട്ട്



ചിത്രം 1

1. ഈയിടെ ഇസ്രയേലും അമേരിക്കയും സംയുക്തമായ ആക്രമിച്ച പശ്ചിമേഷ്യൻ രാജ്യം? (3)
3. ചിത്രം – 1 (3)
4. വ്യാപ്തം അളക്കുന്ന ഒരു ഏകകം? (3)
5. ഭംഗി, സൗന്ദര്യം എന്നതിന്റെ ഒരു പര്യായപദം?
6. കായലുകളും നദികളും കടലുമായി ചേരുന്ന ഭാഗം അറിയപ്പെടുന്നത്? (4)
7. മരുഭൂമിയിലെ ഫലഭൂയിഷ്ഠമായ ഹരിതപ്രദേശം? (4)

## താഴോട്ട്

1. ഇന്ത്യൻ പ്രധാനമന്ത്രിപദത്തിൽ എത്തിയ ഏക വനിത? (5)
2. ജാർഖണ്ഡിന്റെ തലസ്ഥാനം? (2)
3. കറുത്ത സ്വർണം എന്നറിയപ്പെടുന്നത്? (5)
8. കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന ഒരു നദി? (3)
9. കേരളത്തിന്റെ സംസ്ഥാന മൃഗം? (2)

## പദപ്രശ്നം 5 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 ക | 6 ര | 5 മ | ന | യാ | ർ |
| ട | ശ് | 8 ക | ബ | ഡി | 3 കൊ |
| 2 ലാ | മി | ൻ | യ | മാ | ൽ |
| 7 മ | ര | ത | കം | 4 ച | ക്ക |
| 9 ക | ണ്ണൂ | ർ | | 10 ത | ത്ത |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.


അവസാന തീയതി: 2026 ഏപ്രിൽ 10

## പദപ്രശ്നം 5 വിജയികൾ

1. ഹിബ ഫാത്തിമ പി, ക്ലാസ് 8, തഅ്ലീമുൽ ഖുർആൻ മദ്റസ ചുങ്കത്തറ
2. മുഹമ്മദ് സിനാൻ എൻ, ക്ലാസ് 3, അൽഅമീൻ മദ്റസ, കീരിക്കാട് തെക്ക്
3. നബ്ല മറിയം എം, ക്ലാസ് 9, ബയാനുൽ ഇസ്‌ലാം സുന്നി മദ്റസ, കൂനൂൾമാട്
4. മിസ്ഹബ് എൻ, ക്ലാസ് 5, സി.എം വലിയുല്ലാഹി സ്മാരക സുന്നി മദ്റസ, കാരക്കുന്ന്
5. മുഹമ്മദ് ദാനി, ക്ലാസ് 7, മഅ്ദിനുൽ ഇസ്‌ലാം സുന്നി സെക്കണ്ടറി മദ്റസ
6. നജ്‌വാൻ സി.പി, ക്ലാസ് 5, ഹിദായത്തുസ്സിബ്‌യാൻ സുന്നി മദ്റസ
7. ഫാത്തിമ ഹുസ്ന, ക്ലാസ് 6, അലിയ്യുബ്നു അബീത്വാലിബ് മദ്റസ, വി.കെ പടി
8. മുഹമ്മദ് മുസ്തഫ, ക്ലാസ് 6, ശിആറുൽ ഇസ്‌ലാം സി.എം സുന്നി മദ്റസ
9. നഫീസത്തുൽ മിസ്‌രിയ, ക്ലാസ് 7, മദാറു ദഅ്വത്തിൽ ഇസ്‌ലാമിയ്യ
10. മുഹമ്മദ് അനസ് പി, ക്ലാസ് 2, ബയാനുൽഹുദാ പരേങ്ങത്ത്, താനാളൂർ


Story Line

# The Unfamiliar Task



Once, a group of people went into the forest. A monkey watched them with great curiosity as they used a saw to cut through massive logs. When it was noon, the men went to have their lunch. Taking advantage of the moment, the monkey jumped onto a log that was halfway cut. There was a wedge placed in the split of the log to keep it open. Without realizing that his tail was hanging right inside the gap, the monkey tried to pull the wedge out.

"Snap!" Suddenly, the wedge came loose, and the two sides of the log slammed shut with great force. "Ouch!" the monkey screamed in pain as his tail got trapped between the heavy timbers. After a while, the carpenters returned and saw what had happened. They freed him, but they also gave him a good beating before chasing him away. The monkey finally realized that one should never interfere in an unfamiliar task.



# അറിയാത്ത ജോലി

ഒരിക്കൽ കുറെ മനുഷ്യർ കാട്ടിലെത്തി. അവർ കൂറ്റൻ തടികൾ വാൾകൊണ്ട് അറുത്തു മുറിക്കുന്നത് ഒരു കുരങ്ങൻ കൗതുകത്തോടെ നോക്കിനിന്നു. ഉച്ചയായപ്പോൾ മനുഷ്യർ ഭക്ഷണം കഴിക്കാൻ പോയ തക്കത്തിന് കുരങ്ങൻ അറുത്തു വച്ച ഒരു തടിയിൽ ചാടിക്കയറി. എന്നിട്ട് അതിൽ വച്ചിരുന്ന ആപ്പ് വലിച്ചെടുക്കാൻ നോക്കി. തന്റെ വാൽ തടിക്കഷണങ്ങൾക്കിടയിലാണെന്ന കാര്യം കുരങ്ങൻ അറിഞ്ഞില്ല. 'ഠപ്പ്!' പെട്ടെന്ന് ആപ്പ് ഇളകി തടികൾ ശക്തിയായി കൂടിച്ചേർന്നു. 'ഹയ്യോ!' തടികൾക്കിടയിൽ വാൽ കുടുങ്ങിയ കുരങ്ങൻ വേദനയോടെ ഉറക്കെ കരഞ്ഞു. കുറേക്കഴിഞ്ഞ് മരപ്പണിക്കാർ വന്നപ്പോൾ ആ കാഴ്ച കണ്ടു. അവർ അവനെ സ്വതന്ത്രനാക്കി. എന്നിട്ട് നല്ല അടിയും കൊടുത്ത് ഓടിച്ചു വിട്ടു. വേണ്ടാത്ത പണിക്കു പോകരുതെന്ന് കുരങ്ങൻ മനസ്സിലാക്കി.

# Tenses

## Passive Voice Rules

Here, we are listing out the Passive Voice Rules for each tense. You will come to know how an auxiliary verb is used to change a sentence from Active to Passive voice.

### 7. Future Simple Tense

Structure: Object+ will+ be +V3+ by + subject

**Example:**

- Active: Kriya will sew the bag.
- Passive: The bag will be sewed by Kriya.
- Active: Disha will not arrange the things.
- Passive: The things will not be arranged by Disha.
- Active: Will you mop the floor?
- Passive: Will the floor be mopped by you?

### 8. Future Perfect Tense

Structure: Object+ will+ have+ been +V3+ by + subject

**Example:**

- Active: They will have brought the toy.
- Passive: The toy will have been brought by them.
- Active: Nimesh will not have changed the table cover.
- Passive: The table cover will not have been changed by Nimesh.

- Active: Will she have written the notes.
- Passive: Will the notes have been written by her?

There is no Passive Voice formation for these tenses :

1) Present Perfect Continuous Tense
2) Past Perfect Continuous Tense
3) Future Perfect Continuous Tense
4) Future Continuous Tense


# The Strait of Hormuz

The Strait of Hormuz is like a very narrow "water hallway" that connects the Persian Gulf to the big open ocean. It sits between the countries of Iran and Oman. It is the most important path in the world because huge ships, called tankers, must sail through it to carry oil and gas to other countries. Because the hallway is so skinny - only 21 miles wide



- it is very crowded. If this small path ever closes, cars, planes, and factories all over the world might run out of fuel. It is the world's most important energy chokepoint!


Master Imitable
Adil and Rizwan were returning home after their final exam.
How was the exam?
I wrote it very well.
Do you know when the results will be out?
I don't know exactly. The teacher said it might come in the first week of May.
What is your vacation plan?
Nothing in particular. I want to play a lot.
I have a plan.
What plan? I didn't understand.
I am going to start a small shop.
What? Are you going to drop out of school?


That sounds great! What items will be in the shop?
Hey, never! This is only for the vacation.
Stationery items like pens and pencils.
What if I join the business with you?
Why not? Please join! Let's do the business together.
What will we do with the profit we get?
We will have many things to buy when the school reopens.
We can use that money to buy notebooks, bag, and other items.
That's a great idea! I'm ready!

# WORD PUZZLE

Read the story **'The Unfamiliar Task'** and find out 12 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| P | E | O | P | L | E | F |
| A | G | O | L | I | M | O |
| I | D | F | U | A | O | R |
| N | E | O | N | T | N | E |
| O | W | R | C | A | K | S |
| O | A | C | H | S | E | T |
| N | S | E | N | K | Y | E |

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 4 | 8 | 6 | | 1 | | | |
| | | 9 | 3 | 5 | 2 | | | |
| | | | | | | 6 | 3 | 7 |
| | | | | 2 | 3 | | | |
| | 9 | | 8 | | | 1 | 7 | 3 |
| | 3 | 7 | | | 5 | | 8 | |
| 4 | | | 9 | 1 | | 2 | | 8 |
| 2 | 7 | | | 6 | | | | 4 |
| 9 | | | | 3 | 4 | | | |


# Name me



S



S



S

ANS: Sheep, Squirrel, Snake

# Sudoku

ANSWER
**2026 March Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 7 | 5 | 2 | 1 | 3 | 9 | 8 | 4 |
| 8 | 9 | 4 | 6 | 7 | 5 | 1 | 2 | 3 |
| 3 | 2 | 1 | 4 | 8 | 9 | 5 | 6 | 7 |
| 7 | 3 | 6 | 9 | 4 | 1 | 2 | 5 | 8 |
| 1 | 5 | 9 | 7 | 2 | 8 | 4 | 3 | 6 |
| 4 | 8 | 2 | 5 | 3 | 6 | 7 | 1 | 9 |
| 5 | 1 | 3 | 8 | 9 | 7 | 6 | 4 | 2 |
| 2 | 6 | 7 | 3 | 5 | 4 | 8 | 9 | 1 |
| 9 | 4 | 8 | 1 | 6 | 2 | 3 | 7 | 5 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**